# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

വാല്യം 18 | മെയ് 2021 | ലക്കം 5



മെയ് 1

**അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ പ്രഥമ ചരമവാർഷികം**

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 18**
**Issue No. : 5**
**Month : May 2021**



## ഈ ലക്കത്തിൽ

| | |
|---|---|
| ദൈവവിളിദിന സന്ദേശം 2021 | 05 |
| മെയ്ദിന സന്ദേശം 2021 | 13 |
| നാളാഗമം | 20 |
| BISHOP'S ENGAGEMENTS | 23 |
| കച്ചേരി വാർത്തകൾ | 24 |
| കെയർ | 27 |
| സാന്താമരിയ അരുണാചൽ മിഷൻ | 28 |
| മൈനർ സെമിനാരി | 29 |
| സന്യസ്തർ | 30 |
| ക്രിസ്തുജ്യോതി | 32 |
| വിദ്യാഭ്യാസം | 41 |
| സാമൂഹ്യസേവനം | 43 |
| ചെറുപുഷ്പ മിഷൻലീഗ് | 44 |
| കെ. സി. വൈ. എം. | 46 |
| ജീസസ് യൂത്ത് | 48 |
| കുടുംബപ്രേഷിതത്വം | 49 |
| പ്രാർത്ഥനാഗ്രൂപ്പ് | 49 |
| കത്തോലിക്കാ കോൺഗ്രസ് | 51 |
| പ്രോ – ലൈഫ് അപ്പോസ്റ്റലേറ്റ് | 52 |
| അറിയിപ്പുകൾ | 53 |
| വാർത്തകളും വിശേഷങ്ങളും | 56 |
| പൗരോഹിത്യ ആദ്ധ്യാത്മിക ചിന്തകൾ | 58 |

*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. George Thakadiyel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Blueline Cheruthony

*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com
bpjohnnelli@gmail.com

***"Being Christian is not first of all a doctrine or a moral ideal; it is a living relationship with the Risen Lord."***

*Pope Francis, Tweet, 18-04-2021*

# ഓർമ്മിക്കാൻ

## മെയ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ ചരമവാർഷികം. |
| | : | തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് |
| | : | വി. അത്തനേഷ്യസ് (2 ഞായർ) |
| 02 | : | മാർ അദ്ദായി |
| 03 | : | വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ (3 ഞായർ) |
| 06 | : | വി. ഡോമിനിക്ക് സാവിയോ |
| 07-09 | : | വിവാഹ ഒരുക്ക സെമിനാർ |
| 10-12 | : | മേജർ സെമിനാരിക്കാരുടെ കൂട്ടായ്മ, മൈനർ സെമിനാരി |
| 12 | : | Minor Orders & Vestition, മൈനർ സെമിനാരി |
| 13 | : | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 14 | : | വി. മത്തിയാസ് ശ്ലീഹാ |
| 23 | : | പന്തക്കുസ്താ തിരുനാൾ |
| | : | ശ്ലീഹാക്കാലം ആരംഭിക്കുന്നു |
| 28 | : | ശ്ലീഹാ ഒന്നാം വെള്ളി, സ്വർണ്ണവെള്ളി |
| 30 | : | പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ |
| 31 | : | പരിശുദ്ധ മറിയത്തിന്റെ സന്ദർശനം |

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ

# ദൈവവിളിദിന സന്ദേശം – 2021

## വിശുദ്ധ യൗസേപ്പ്: ദൈവവിളിയുടെ സ്വപ്നം

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ യൗസേപ്പിനെ സാർവത്രികസഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ നൂറ്റിയമ്പതാം വർഷം ആചരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഡിസംബർ 8-ന് യൗസേപ്പിതാവിന്റെ വർഷം ആരംഭിച്ചുവല്ലോ. അതിനായി ഞാൻ 'പിതൃഹൃദയത്തോടെ' (Patris Corde) എന്ന അപ്പസ്തോലിക ലേഖനം എഴുതുകയുണ്ടായി. അതിന്റെ ലക്ഷ്യം ഈ മഹാവിശുദ്ധനോട് നമുക്കുള്ള സ്നേഹം വർധിപ്പിക്കുക എന്നതായിരുന്നു. അദ്ദേഹം ഒരു അസാധാരണ വ്യക്തിയായിരുന്നു. അതേസമയം തന്നെ "മാനുഷികമായ നമ്മുടെ അനുഭവങ്ങളോട് വളരെ അടുത്തുനില്ക്കുന്ന"യാളുമാണ്. അത്ഭുതകരമായതൊന്നും അദ്ദേഹം ചെയ്തിട്ടില്ല. അദ്ദേഹത്തിന് പ്രത്യേകതരം സിദ്ധികളൊന്നും ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ കണ്ടവർക്കാർക്കും പ്രത്യേകതയൊന്നും തോന്നിയതുമില്ല. അദ്ദേഹം പ്രശസ്തനോ ശ്രദ്ധേയനോ ആയിരുന്നില്ല. അദ്ദേഹത്തിന്റെ ഒരു വാക്കുപോലും സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ സാധാരണ ജീവിതത്തിലൂടെ അദ്ദേഹം ദൈവദൃഷ്ടിയിൽ അസാധാരണമായതു ചെയ്തു തീർത്തു.

ദൈവം ഹൃദയങ്ങൾ പരിശോധിക്കുന്നു (1 സാമു 16,7). ദൈനംദിനകാര്യങ്ങളുടെ നടുവിലും ജീവൻ നല്കാനും ഉത്പാദിപ്പിക്കാനും കഴിവുള്ള ഒരു പിതൃഹൃദയം ദൈവം വിശുദ്ധ യൗസേപ്പിൽ തിരിച്ചറിഞ്ഞു. ദൈവവിളികൾക്കും ഇതേ ലക്ഷ്യമാണുള്ളത് – ദൈനംദിനമുള്ള ജീവോത്പാദനവും നവീകരണവും. പിതാക്കന്മാരുടെയും മാതാക്കളുടെയും ഹൃദയം രൂപപ്പെടുത്താനാണ് ദൈവം ആഗ്രഹിക്കുന്നത്: തുറവുള്ളതും മഹത്തായ തുടക്കങ്ങൾക്ക് ത്രാണിയുള്ളതും ജീവദാനത്തിന് ഔദാര്യമുള്ളതും ഉത്കണ്ഠകളെ ആശ്വസിപ്പിക്കാൻ

ആർദ്രതയുള്ളതും പ്രത്യാശകളെ ശക്തിപ്പെടുത്തുവാൻ ആർജവമുള്ളതുമായ ഒരു ഹൃദയം. പൗരോഹിത്യത്തിലും സമർപ്പിതജീവിതത്തിലും ഈ ഗുണഗണങ്ങൾ വളരെ ആവശ്യമായിരിക്കുന്ന നാളുകളാണിത്. ദുർബലതയാലും പകർച്ചവ്യാധി മൂലമുള്ള സഹനങ്ങളാലും അടയാളപ്പെടുത്തപ്പെട്ട ഈ സമയം ഭാവിയെക്കുറിച്ചും ജീവിതത്തിന്റെതന്നെ അർത്ഥത്തെക്കുറിച്ചും അനിശ്ചിതത്വങ്ങളും ഭയങ്ങളും വിതച്ചുകഴിഞ്ഞു. വിശുദ്ധ യൗസേപ്പിതാവ് തന്റെ സഹജമായ മാന്യതയിൽ നമ്മെ സ്പർശിക്കുന്നത് "തൊട്ടടുത്ത വിശുദ്ധ"രിൽ ഒരാൾ എന്ന നിലയിലാണ്. അതേസമയം തന്നെ, അദ്ദേഹത്തിന്റെ ശക്തമായ സാക്ഷ്യം നമ്മുടെ യാത്രയിൽ മാർഗദർശകവുമാണ്.

ഓരോ വ്യക്തിയുടെയും ദൈവവിളിയിൽ മൂന്ന് പ്രധാന വാക്കുകൾ വിശുദ്ധ യൗസേപ്പ് നിർദ്ദേശിക്കുന്നുണ്ട്. അതിൽ ഒന്നാമത്തേത് 'സ്വപ്ന'മാണ്. ഓരോരുത്തരും ജീവിതത്തിന്റെ പൂർത്തീകരണം സ്വപ്നം കാണുന്നവരാണ്. വിജയം, ധനം, വിനോദം മുതലായ ക്ഷണികമായ ലക്ഷ്യങ്ങൾകൊണ്ട് തൃപ്തിപ്പെടുത്താൻ സാധ്യമല്ലാത്ത വലിയ പ്രതീക്ഷകളും ഉന്നതമായ അഭിലാഷങ്ങളും പരിപോഷിപ്പിക്കുന്നവരാണ് നമ്മൾ. ആളുകളുടെ ജീവിതസ്വപ്നങ്ങളെ ഒറ്റ വാക്കിൽ പ്രകടിപ്പിക്കാൻ പറഞ്ഞാൽ, അതിനുത്തരം ഊഹിച്ചെടുക്കാൻ ഒട്ടും പ്രയാസമുണ്ടാകില്ല. 'സ്നേഹിക്കപ്പെടുക' എന്നതായിരിക്കും അതിന്റെ ഉത്തരം. സ്നേഹമാണ് ജീവിതത്തിന് അർഥം നല്കുന്നത്. കാരണം, അത് ജീവിതത്തിന്റെ രഹസ്യത്തെ വെളിപ്പെടുത്തുന്നതാണ്. തീർച്ചയായും, നല്കുന്നതിലൂടെയാണ് നമുക്ക് ജീവൻ ഉണ്ടാകുന്നത്; ഉദാരമായി നല്കുന്നതിലൂടെയാണ് അത് നാം കൈവശപ്പെടുത്തുന്നതും. ഇക്കാര്യത്തിൽ വിശുദ്ധ യൗസേപ്പിന് നമ്മോട് വളരെയേറെ പറയാനുണ്ട്. കാരണം, ദൈവംതന്നെ പ്രചോദിപ്പിച്ച സ്വപ്നങ്ങളിലൂടെ അദ്ദേഹം തന്റെ ജീവിതത്തെ ഒരു ദാനമാക്കി മാറ്റി.

സുവിശേഷങ്ങൾ നമ്മോട് നാലു സ്വപ്നങ്ങളെക്കുറിച്ച് പറയുന്നു (മത്താ 1,20; 2,13.19.22). അതാകട്ടെ ദൈവത്തിൽ നിന്നുള്ള വിളിയാണ്. എന്നാൽ അവ എളുപ്പത്തിൽ സ്വീകരിക്കാവുന്നവയായിരുന്നില്ല. ഓരോ സ്വപ്നത്തിനുംശേഷം യൗസേപ്പിന് താൻ സമ്പൂർണമായും വിശ്വാസം അർപ്പിച്ച ദൈവത്തിന്റെ നിഗൂഢമായ രൂപകല്പനകളെ പിൻതുടരുന്നതിനുവേണ്ടി സ്വന്തം പദ്ധതികൾ മാറ്റിവച്ച് അപ

കടകരമായത് ഏറ്റെടുക്കേണ്ടിവന്നു. എന്തിനാണ് രാത്രിയിൽ കണ്ട ഒരു സ്വപ്നത്തെ ഇത്രമാത്രം വിശ്വസിക്കുന്നതെന്ന് നമ്മൾ ചോദിച്ചേക്കാം. പുരാതനകാലങ്ങളിൽ സ്വപ്നങ്ങളെ വളരെ പ്രാധാന്യത്തോടെ കണ്ടിരുന്നെങ്കിലും ജീവിതത്തിന്റെ മൂർത്തമായ യാഥാർത്ഥ്യത്തിന്റെ മുമ്പിൽ അതു ചെറിയ കാര്യം മാത്രമായിരുന്നു. എങ്കിലും, തന്നെ നയിക്കാൻ തന്റെ സ്വപ്നങ്ങളെ ഒരു വിഷമവും കൂടാതെ വിശുദ്ധ യൗസേപ്പ് അനുവദിച്ചു. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിന്റെ ഹൃദയം ദൈവത്തിങ്കലേക്ക് തിരിഞ്ഞിരുന്നതും അവിടന്നിലേക്ക് ചേർന്നിരുന്നതുമായിരുന്നു. ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ അദ്ദേഹത്തിന്റെ ആന്തരിക കർണങ്ങൾക്ക് ഒരു ചെറിയ സൂചനമാത്രം മതിയാകുമായിരുന്നു. ഇത് നമ്മുടെ ദൈവവിളിയുടെ കാര്യത്തിലും ബാധകമാണ്. കാരണം, നമ്മുടെ സ്വാതന്ത്ര്യത്തെ സമ്മർദ്ദത്തിലാക്കിക്കൊണ്ട് അതിശയകരമായ രീതിയിൽ സ്വയം വെളിപ്പെടുത്താൻ ദൈവം ഇഷ്ടപ്പെടുന്നില്ല. അവിടുന്ന് തന്റെ പദ്ധതികൾ വളരെ മാന്യമായാണ് അവതരിപ്പിക്കുന്നത്. മാസ്മരിക ദർശനങ്ങൾകൊണ്ട് നമ്മെ കീഴ്പ്പെടുത്തുകയല്ല, മറിച്ച് നിശ്ശബ്ദമായി നമ്മുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ സംസാരിക്കുകയാണ് അവിടുന്ന് ചെയ്യുന്നത്. അവിടുന്ന് നമ്മോട് അടുക്കുകയും നമ്മുടെ ചിന്തകളിലൂടെയും വികാരങ്ങളിലൂടെയും നമ്മോട് സംസാരിക്കുകയും ചെയ്യുന്നു. ഇങ്ങനെ, വിശുദ്ധ യൗസേപ്പിനോടു ചെയ്തതുപോലെ അഗാധവും അപ്രതീക്ഷിതവുമായ ചക്രവാളങ്ങൾ അവിടുന്ന് നമ്മുടെ മുമ്പിലും വയ്ക്കുന്നു.

വാസ്തവത്തിൽ, യൗസേപ്പിന്റെ സ്വപ്നങ്ങൾ അദ്ദേഹം ഒരിക്കലും ചിന്തിച്ചിട്ടില്ലാത്ത അനുഭവങ്ങളിലേക്കാണ് നയിച്ചത്. ആദ്യത്തേത് അദ്ദേഹത്തിന്റെ വിവാഹനിശ്ചയത്തെ ഉയർത്തി അദ്ദേഹത്തെ മിശിഹായുടെ പിതാവാക്കി. രണ്ടാമത്തേതാകട്ടെ, ഈജിപ്തിലേക്ക് പലായനം ചെയ്യാൻ കാരണമായെങ്കിലും അദ്ദേഹത്തിന്റെ കുടുംബത്തെ രക്ഷിക്കാനിടയാക്കി. മൂന്നാമത്തെ സ്വപ്നം സ്വന്തം നാട്ടിലേക്കുള്ള തിരിച്ചുവരവിനെ മുൻകൂട്ടി അറിയിക്കുന്നതായിരുന്നുവെങ്കിൽ നാലാമത്തേത് അദ്ദേഹത്തിന്റെ പദ്ധതികളെ പുനഃക്രമീകരിച്ച് യേശുവിനെ അവിടത്തെ ദൈവരാജ്യപ്രഘോഷണം ആരംഭിക്കുന്നിടമായ നസ്രത്തിലേക്ക് കൊണ്ടുവന്നു. ഈ സംഘർഷങ്ങൾക്കിടയിലും അദ്ദേഹം ദൈവഹിതം അനുധാവനം ചെയ്യുന്നതിനുള്ള ധൈര്യം

കണ്ടെത്തി. ഇങ്ങനെതന്നെയാണ് ഓരോ ദൈവവിളിയിലും: ദൈവത്തിന്റെ വിളി നമ്മെ ആദ്യചുവടുവയ്ക്കാൻ-നമ്മെത്തന്നെ നല്കാനും മുന്നോട്ടായാനും - നിർബന്ധിക്കുന്നു. ചേതമില്ലാതെ വിശ്വാസമില്ല. നമ്മുടെ പദ്ധതികളും സുഖസൗകര്യങ്ങളും മാറ്റിവച്ച്, ആത്മവിശ്വാസത്തോടെ നമ്മെത്തന്നെ ദൈവകൃപയ്ക്കു വിട്ടുകൊടുത്തുകൊണ്ടു മാത്രമേ ദൈവത്തോട് 'അതെ' എന്നു പറയാൻ നമുക്കു കഴിയുകയുള്ളൂ.

ഓരോ 'അതെ'കളും ഫലം പുറപ്പെടുവിക്കുന്നു. കാരണം, അത് വിശാലമായ ഒരു രൂപകല്പനയുടെ ഭാഗമായിത്തീരുന്നു. നാം കാണുന്നതിനുമപ്പുറത്ത് എല്ലാം അറിയുകയും പൂർത്തിയാക്കുകയും ചെയ്യുന്ന ദിവ്യകലാകാരൻ ഓരോ ജീവിതത്തെയും ഉത്തമ കലാസൃഷ്ടിയായി മാറ്റുന്നുവല്ലോ. ഇപ്രകാരം ദൈവഹിതം സ്വീകരിച്ചതിന്റെ ഉത്തമ ഉദാഹരണമാണ് വിശുദ്ധ യൗസേപ്പ്. അദ്ദേഹത്തിന്റേത് സജീവവും ഒരിക്കലും വിമുഖത കാട്ടാത്തതും പിൻവലിക്കാത്തതുമായ സമ്മതമായിരുന്നു. യൗസേപ്പ് "ഒരിക്കലും നിഷ്ക്രിയനായിരുന്നില്ല, മറിച്ച് ധൈര്യത്തോടും ഉറപ്പോടുംകൂടി പ്രവർത്തനനിരതനായിരുന്നു" (Patris Corde, 4). അദ്ദേഹം എല്ലാവരെയും സഹായിക്കട്ടെ, പ്രത്യേകിച്ച് തങ്ങളെക്കുറിച്ചുള്ള ദൈവഹിതം നിവർത്തിതമാകാൻ തങ്ങളുടെ സ്വപ്നങ്ങളെ വിവേചിക്കുന്ന ചെറുപ്പക്കാരെ. അദ്ദേഹം അവരെ സദാ പ്രചോദിപ്പിച്ച്, ഒരിക്കലും നിരാശപ്പെടുത്താതെ എപ്പോഴും ആശ്ചര്യപ്പെടുത്തുന്ന ദൈവത്തോട്, 'അതെ' എന്നു പറയാനാവും വിധം ധൈര്യശാലികളാക്കട്ടെ.

വിശുദ്ധ യൗസേപ്പിന്റെ യാത്രയെയും ദൈവവിളിയെയും അടയാളപ്പെടുത്തുന്ന രണ്ടാമത്തെ വാക്ക് സേവനമാണ്. യൗസേപ്പ് എങ്ങനെ തനിക്കുവേണ്ടിയല്ലാതെ മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നുവെന്നു സുവിശേഷങ്ങൾ കാണിച്ചുതരുന്നു. കലവറയില്ലാതെ സ്നേഹിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവിനെ അധികരിച്ച് ദൈവജനം അദ്ദേഹത്തെ 'അത്യന്തം വിരക്തനായ ഭർത്താവ്' എന്ന് വിശേഷിപ്പിക്കുന്നു. തന്റേതുമാത്രമായി സ്നേഹിക്കുന്നതിൽ നിന്നും തന്നെത്തന്നെ സ്വതന്ത്രനാക്കിയതുവഴി ഫലദായകമായ സേവനത്തിൽ മുഴുകാൻ അദ്ദേഹത്തിനായി. അദ്ദേഹത്തിന്റെ സ്നേഹമസൃണമായ സംരക്ഷണം തലമുറകളിലേക്ക് എത്തിനില്ക്കുന്നു. അതുപോലെതന്നെ അദ്ദേഹത്തിന്റെ അതീവ ജാഗ്രതയോടെയുള്ള രക്ഷാകർതൃത്വം സഭ

യുടെ സംരക്ഷകനായി അദ്ദേഹത്തെ മാറ്റി. ജീവിതത്തിൽ സ്വയം ദാനം ചെയ്യുന്നതിന്റെ അർത്ഥം ഉൾക്കൊള്ളുന്നയാളെന്ന നിലയിൽ അദ്ദേഹം സന്തോഷകരമായ മരണത്തിന്റെ മധ്യസ്ഥനായി. വലിയ സ്നേഹത്തിലധിഷ്ഠിതമായതിനാലാണ് അദ്ദേഹത്തിന്റെ സേവനവും സഹനവും യാഥാർത്ഥ്യമായത്. "ശരിയായ ഓരോ ദൈവവിളിയും സ്വയംദാനത്തിലൂടെയാണ് ജന്മം കൊള്ളുന്നത്; അതാകട്ടെ, പരിപക്വമായ ബലിയുടെ ഫലമാണ്. പൗരോഹിത്യത്തിനും സമർപ്പിത സന്ന്യാസത്തിനും ഇത്തരത്തിലുള്ള പക്വത ആവശ്യമാണ്. ഏതു തരം ദൈവവിളിയുമായിക്കൊള്ളട്ടെ - വിവാഹമോ, ബ്രഹ്മചര്യമോ/കന്യാത്വമോ - സഹനത്തിന്റെ മുന്നിൽ നിന്നുപോയാൽ, നമ്മുടെ സ്വയംദാനം പൂർണമാകില്ല. അങ്ങനെ വരുമ്പോൾ സൗന്ദര്യത്തിന്റെ അടയാളവും സ്നേഹത്തിന്റെ ആനന്ദവും ആകുന്നതിനുപകരം നിരാശയുടെയും ദുഃഖത്തിന്റെയും സന്തോഷമില്ലായ്മയുടെയും അടയാളമായി മാറും സ്വയംദാനം" (Patris Corde, 7).

വിശുദ്ധ യൗസേപ്പിന് കേവലം ഉയർന്ന ആദർശം മാത്രമായിരുന്നില്ല സേവനം; മറിച്ച്, ദൈനംദിന ജീവിതത്തിന്റെ നിയമമായിരുന്നു. അദ്ദേഹം യേശുവിന് ജനിക്കാനുള്ള സ്ഥലം കഠിനാധ്വാനത്തിലൂടെ കണ്ടെത്തുകയും വേണ്ട ഒരുക്കങ്ങൾ നടത്തുകയും ചെയ്തു. ഹേറോദേസിന്റെ ക്രോധത്തിൽ നിന്ന് യേശുവിനെ രക്ഷിക്കാൻ വേണ്ടി ഈജിപ്തിലേക്ക് തിടുക്കത്തിൽ ഒരു യാത്ര ഒരുക്കി. ജറുസലേമിൽ വച്ച് യേശുവിനെ നഷ്ടപ്പെട്ടപ്പോൾ അദ്ദേഹം തിടുക്കത്തിൽ അവിടേക്കു തിരിച്ചുപോയി. കുടുംബത്തെ സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം വിദേശത്തുപോലും കഠിനാധ്വാനം ചെയ്തു. ചുരുക്കത്തിൽ, ജീവിതം തങ്ങൾ ആഗ്രഹിക്കുന്നതുപോലെയല്ലെങ്കിലും നിരാശപ്പെടാത്തവരുടെ മനോഭാവത്തോടെ അദ്ദേഹം വ്യത്യസ്ത സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടുകൊണ്ട് സന്നദ്ധസേവകരുടെ മനോഭാവം പ്രകടിപ്പിച്ചു. ഇത്തരത്തിൽ, ജീവിതത്തിലെ അപ്രതീക്ഷിതവും എന്നാൽ ഇടയ്ക്കിടയ്ക്ക് കടന്നുവരുന്നതുമായ യാത്രകളെ - ജനസംഖ്യാ കണക്കെടുപ്പിനുവേണ്ടി നസ്രത്തിൽ നിന്നും ബത്‌ലഹേമിലേക്കും അവിടെനിന്ന് ഈജിപ്തിലേക്കും അവിടെനിന്ന് തിരിച്ച് നസ്രത്തിലേക്കും പിന്നെ എല്ലാവർഷവും ജറുസലേമിലേക്കും - അദ്ദേഹം സ്വാഗതം ചെയ്തു. പരാതിപ്പെടാതെ ഓരോ തവണയും പുതിയ സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാനും പരി

ഹൃതമാകേണ്ട സാഹചര്യങ്ങളെ പരിഹരിക്കുന്നതിന് സഹായഹസ്തം നല്കാനും അദ്ദേഹം സന്നദ്ധനായിരുന്നു. അതാകട്ടെ, ഭൂമിയിലുള്ള തന്റെ പുത്രനിലേക്ക് നീട്ടപ്പെട്ട സ്വർഗീയപിതാവിന്റെ കരങ്ങളായിരുന്നുവെന്ന് നമുക്ക് പറയാൻ കഴിയും. തന്റെ മക്കളിലേക്ക് നീട്ടപ്പെട്ട, പിതാവിന്റെ സദാപ്രവർത്തനനിരതമായ കരങ്ങളാകാനുള്ള വിളിയാണല്ലോ ദൈവവിളികൾ. അവയ്ക്കെല്ലാം തികഞ്ഞ മാതൃകയാണ് യൗസേപ്പ്.

യേശുവിന്റെയും സഭയുടെയും സംരക്ഷകനായ വിശുദ്ധ യൗസേപ്പിനെക്കുറിച്ച് ദൈവവിളിയുടെയും സംരക്ഷകനാണ് അദ്ദേഹം എന്നു ചിന്തിക്കാനാണ് എനിക്കിഷ്ടം. സേവനം ചെയ്യാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയിൽ നിന്നുതന്നെ സംരക്ഷിക്കുവാനുള്ള കരുതലും വരുന്നുണ്ട്. യൗസേപ്പ് ആ രാത്രിയിൽത്തന്നെ എഴുന്നേറ്റ് കുട്ടിയെയും അമ്മയെയും കൂട്ടി പുറപ്പെട്ടു (മത്താ 2,14) എന്ന് സുവിശേഷത്തിൽ പറയുന്നതുതന്നെ അദ്ദേഹത്തിന് തന്റെ കുടുംബത്തെക്കുറിച്ചുള്ള കരുതലാണ് കാണിക്കുന്നത്. തനിക്ക് നിയന്ത്രിക്കാൻ കഴിയാത്ത കാര്യങ്ങളെക്കുറിച്ചു വ്യാകുലപ്പെട്ട് സമയം കളയാതെ തന്റെ കരുതലിൽ ഏല്പിക്കപ്പെട്ടവരെ സംരക്ഷിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ഇത്തരം ചിന്താഭരിതമായ ശ്രദ്ധയാണ് ശരിയായ ദൈവവിളിയുടെ അടയാളം. അതാകട്ടെ, ദൈവസ്നേഹസ്പർശനത്തിന്റെ സാക്ഷ്യജീവിതവുമാണ്. നമ്മുടെ അഭിലാഷങ്ങളെ പിന്തുടരുന്നതിൽ നിന്നും മിഥ്യാധാരണകളിൽ മുഴുകുന്നതിൽനിന്നും നാം വിട്ടുനില്ക്കുന്നതും കർത്താവ് സഭയിലൂടെ നമ്മെ ഭരമേല്പിച്ചവയെ ശ്രദ്ധയോടെ കരുതുന്നതും എത്രയോ മനോഹരമായ ക്രൈസ്തവ സാക്ഷ്യമായിരിക്കും! അപ്പോൾ അവിടന്ന് യൗസേപ്പിൽ ചെയ്തതുപോലെ അവിടത്തെ ആത്മാവിനെയും സൃഷ്ടി വൈഭവത്തെയും നമ്മിൽ വർഷിക്കുകയും നമ്മിൽ അവിടന്ന് അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യും.

നമ്മുടെ മഹത്തായ സ്വപ്നങ്ങളെ സാക്ഷാത്കരിക്കുന്ന ദൈവത്തിന്റെ വിളിയോടും ഉദാരമായ സേവനവും ശ്രദ്ധാപൂർവകമായ കരുതലുംകൊണ്ട് രൂപപ്പെടുന്ന നമ്മുടെ പ്രതികരണത്തോടുമൊപ്പം, വിശുദ്ധ യൗസേപ്പിതാവിന്റെ അനുദിന ജീവിതത്തിലും നമ്മുടെ ക്രൈസ്തവവിളിയിലും തെളിഞ്ഞുനില്ക്കുന്ന മൂന്നാമത്തെ സവിശേഷ സ്വഭാവമാണ് വിശ്വസ്തത. ദൈവത്തെയും അവിടത്തെ

പദ്ധതികളെയും നിശ്ശബ്ദമായി സേവിക്കുന്നതിൽ ദിനംപ്രതി പരിശ്രമിച്ച നീതിമാൻ (മത്താ 1,19) ആയിരുന്നു ജോസഫ്. തന്റെ ജീവിതത്തിന്റെ വിഷമകരമായ ഒരു നിമിഷത്തിൽ, എന്തുചെയ്യണമെന്ന് അദ്ദേഹം പര്യാലോചിച്ചു. തന്നെത്തന്നെ സമ്മർദ്ദത്തിലാക്കാൻ അദ്ദേഹം അനുവദിച്ചില്ല. മോശമായി പ്രവർത്തിക്കാനുള്ള പ്രലോഭനത്തിന് - സഹജാവബോധം പിന്തുടരുന്നതിനോ ആ നിമിഷത്തിലേക്കു മാത്രം ഒതുങ്ങുന്നതിനോ - അദ്ദേഹം വശപ്പെട്ടില്ല. പകരം, അവധാനതയോടെ കാര്യങ്ങൾ ധ്യാനിച്ചു. പ്രധാനപ്പെട്ട തീരുമാനങ്ങളോടുള്ള നിരന്തരമായ വിശ്വസ്തതയിലാണ് ജീവിതത്തിലെ വിജയം കെട്ടിപ്പടുക്കുന്നതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. എളിയ ഒരു തച്ചനായി വ്യാപരിക്കുന്നതിലെ സ്ഥിരോത്സാഹത്തിൽ ഇത് പ്രതിഫലിച്ചു (മത്താ 13,55). നിശ്ശബ്ദമായ ആ സ്ഥിരോത്സാഹം, പക്ഷേ, ഒരു വാർത്തയും അക്കാലത്ത് സൃഷ്ടിച്ചില്ലായെങ്കിലും എണ്ണമറ്റ പിതാക്കന്മാരുടെയും തൊഴിലാളികളുടെയും ക്രിസ്ത്യാനികളുടെയും ജീവിതങ്ങൾക്ക് അത് പ്രചോദനമായി. ദൈവവിളി - ജീവിതംപോലെതന്നെ - പരിപക്വമാകുന്നത് ദൈനംദിന വിശ്വസ്തതയിലൂടെ മാത്രമാണ്.

അത്തരം വിശ്വസ്തത എങ്ങനെയാണ് പരിപോഷിപ്പിക്കപ്പെടുന്നത്? ദൈവത്തിന്റെ വിശ്വസ്തതയുടെ വെളിച്ചത്തിൽ. വിശുദ്ധ യൗസേപ്പ് സ്വപ്നത്തിൽ കേട്ട ആദ്യത്തെ വാക്കുകൾ, ഭയപ്പെടാതിരിക്കാനുള്ള ഒരു ക്ഷണമായിരുന്നു, കാരണം, ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. "ദാവീദിന്റെ പുത്രനായ ജോസഫ്, ഭയപ്പെടേണ്ടാ" (മത്താ 1,20).

ഭയപ്പെടേണ്ടയെന്ന വചനം, പ്രിയ സഹോദരീ/സഹോദരാ, നിങ്ങളെയാണ് അഭിസംബോധന ചെയ്യുന്നത്. അനിശ്ചിതത്വത്തിനും ശങ്കയ്ക്കും ഇടയിൽപ്പോലും, നിങ്ങളുടെ ജീവിതം അവിടത്തേക്കു നൽകാനുള്ള നിങ്ങളുടെ ആഗ്രഹത്തിന് കാലതാമസം വരുത്തുവാൻ നിങ്ങൾക്കാവില്ല. പരീക്ഷണങ്ങൾക്കും തെറ്റിദ്ധാരണകൾക്കുമിടയിൽ അവിടത്തെ ഇഷ്ടം നിറവേറ്റാൻ നിങ്ങൾ ശ്രമിക്കുമ്പോൾ അവിടന്ന് ഈ വാക്കുകൾ വീണ്ടും പറയുന്നു. ദൈവവിളിയുടെ ആദ്യ സ്നേഹത്തിലേക്ക് നിങ്ങൾ മടങ്ങുമ്പോൾ, നിങ്ങളുടെ ഓരോ ചുവടടിയിലും നിങ്ങൾ കേൾക്കുന്നത് നവീകൃതമാകുന്ന ഈ വാക്കുകൾ തന്നെയാണ്. അനുദിന വിശ്വസ്തതയിലൂടെ ജീവിതംകൊണ്ട് ദൈവത്തോട്

'അതെ'യെന്ന് വിശുദ്ധ യൗസേപ്പിനെപ്പോലെ പറയുന്നവരോട്, ഇതേ വാക്കുകൾ അവിടന്നുതന്നെയാണ് പറയുന്നത്.

ഈ വിശ്വസ്തതയാണ് സന്തോഷത്തിന്റെ രഹസ്യം. ആരാധനക്രമത്തിലെ ഒരു ഗാനം നസ്രത്തിലെ കുടുംബത്തിൽ നിറഞ്ഞുനിന്ന സുതാര്യമായ സന്തോഷത്തെക്കുറിച്ച് പറയുന്നു. സത്യമായവയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകവഴി ദൈവത്തോടും അയൽക്കാരോടും കൂടുതൽ വിശ്വസ്തമായ അടുപ്പം ദൈനംദിന ജീവിതത്തിൽ പുലർത്തുന്നവരിൽ ലാളിത്യത്തിന്റെ ഈ സന്തോഷം കാണാം. നമ്മുടെ സെമിനാരികൾ, സമർപ്പിത ഭവനങ്ങൾ, വൈദികമന്ദിരങ്ങൾ എന്നിവയിൽ ലളിതവും പ്രസരിപ്പുള്ളതും ശാന്തവും പ്രത്യാശയുള്ളതുമായ ഒരന്തരീക്ഷം നിറഞ്ഞിരുന്നാൽ എത്രയോ നന്നായിരിക്കും!

പ്രിയ സഹോദരീസഹോദരന്മാരേ, ദൈവത്തെ നിങ്ങളുടെ ജീവിതത്തിന്റെ സ്വപ്നമാക്കി മാറ്റിയ നിങ്ങൾ ഈ സന്തോഷം അനുഭവിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. നീണ്ടുനില്ക്കുന്ന സന്തോഷം നല്കാത്ത തെരഞ്ഞെടുപ്പുകളുടെയും വികാരങ്ങളുടെയും യുഗത്തിൽ അവിടത്തെ സഹോദരീ സഹോദരങ്ങളെ വിശ്വസ്തതയോടെ സേവിക്കുകയെന്നത് വളരെ ശക്തമായ സാക്ഷ്യമാണ്. ദൈവവിളിയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പ് പിതൃഹൃദയത്തോടെ നിങ്ങളെ അനുധാവനം ചെയ്യട്ടെ!

**ഫ്രാൻസിസ് പാപ്പാ**
സെന്റ് ജോൺ ലാറ്ററൻ, റോം

വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ ദിനം
19 മാർച്ച് 2021

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2021

**"വിശുദ്ധ യൗസേപ്പ്: നീതിയോടെ അദ്ധ്വാനിച്ച മരപ്പണിക്കാരൻ"**
**(ഫ്രാൻസിസ് പാപ്പ, പാത്രിസ് കോർദെ 6)**

ഈശോയിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റേയും തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിന്റേയും മംഗളാശംസകൾ നേരുന്നു. കോവിഡ് മഹാമാരിയുടെ കരിനിഴലിൽ നിന്നും ലോകം മുഴുവൻ മോചനം പ്രാപിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

1. തൊഴിലാളികളുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനു സമർപ്പിക്കപ്പെട്ട വർഷത്തിലെ മെയ്ദിനം സവിശേഷമാണ്. തിരുസ്സഭയുടെ 'പരിപാലകവിശുദ്ധനായി' വി. യൗസേപ്പിതാവിനെ 1870-ൽ ഭാഗ്യസ്മരണാർഹനായ പിയൂസ് ഒൻപതാമൻ പാപ്പ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ നൂറ്റിയൻപതാം വാർഷികം പ്രമാണിച്ചാണു പരിശുദ്ധ ഫ്രാൻസിസ് പാപ്പ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെയുള്ള ഒരു വർഷക്കാലം വിശുദ്ധ യൗസേപ്പിതാവിന്റെ ധന്യസ്മരണയ്ക്ക് മുന്നിൽ സമർപ്പിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയത്. തിരുക്കുടുംബത്തിന്റെ നാഥനായ വിശുദ്ധ യൗസേപ്പിന്റെ വർഷം കുടുംബവർഷമായി കൂടി തിരുസ്സഭ ആചരിക്കുകയാണ്. ആയതിനാൽ തൊഴിലിനെയും തൊഴിലാളികളെക്കുറിച്ചും കുടുംബങ്ങളെക്കുറിച്ചും വിശദമായ പഠനങ്ങളും ധ്യാനങ്ങളും പരിചിന്തനങ്ങളും നടത്തേണ്ടതായിട്ടുണ്ട്. അതോടൊപ്പം തൊഴിലാളി ശക്തീകരണത്തിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം.

2. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിനു തുടക്കം കുറിച്ചുകൊണ്ട് പരിശുദ്ധ ഫ്രാൻസിസ് പാപ്പ 'പാത്രിസ് കോർദേ' (പിതാവിനോടൊപ്പം) എന്ന പേരിൽ ഒരു അപ്പസ്തോലിക ലേഖനം

പ്രസിദ്ധീകരിക്കുകയുണ്ടായി. മരപ്പണിക്കാരനും (മത്താ. 13:55) നീതിമാനുമായ (മത്താ. 1:19) യൗസേപ്പിതാവിന്റെ വ്യക്തിപ്രഭാവത്തിലെ ഗുണഗണങ്ങളെ വിവരിക്കുന്ന ഏഴ് ഖണ്ഡികകൾ ഈ അപ്പസ്തോലിക ലേഖനത്തിലുണ്ട്. അതിൽ ആറാമത്തെ ഖണ്ഡിക 'തൊഴിലെടുക്കുന്ന പിതാവ്' എന്ന തലക്കെട്ടിലാണു എഴുതിയിരിക്കുന്നത്. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിന്റെ ജീവിതാനുഭവങ്ങളിലൂടെ തൊഴിലിന്റെ വ്യക്തിപരവും സാമൂഹികവുമായ മാനങ്ങളുടെ പ്രാധാന്യവും പ്രസക്തിയും പാപ്പ അനാവരണം ചെയ്യുകയാണ്. "തന്റെ കുടുംബത്തെ പരിപാലിക്കുന്നതിനായി സത്യസന്ധമായ ജീവിതം നയിച്ച മരപ്പണിക്കാരനാണു വിശുദ്ധ യൗസേപ്പ്. സ്വന്തം അദ്ധ്വാനത്തിന്റെ ഫലത്തിൽ നിന്നും ആഹാരം കഴിക്കണം എന്ന പ്രബോധനത്തിന്റെ മൂല്യവും അന്തസ്സും ആനന്ദവും യേശു സ്വാംശീകരിച്ചത് വിശുദ്ധ യൗസേപ്പിൽ നിന്നാണ്" (പാത്രിസ് കോർദേ, 6). യേശുവിന്റെ ജീവിതത്തിൽ വി. യൗസേപ്പിതാവിന്റെ തൊഴിൽ ജീവിതം ചെലുത്തിയ സ്വാധീനമാണു പാപ്പ വിശദീകരിക്കുന്നത്. തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്വത്തെ സംബന്ധിച്ചും പാപ്പ പറയുന്നത് ശ്രദ്ധിക്കുക: "രക്ഷാകര പ്രവർത്തനത്തിൽ പങ്കെടുക്കാനുള്ള മാദ്ധ്യമാണു തൊഴിൽ. ദൈവരാജ്യത്തിന്റെ വരവിനെ വേഗത്തിലാക്കാനുള്ള അവസരമാണു തൊഴിൽ. കഴിവുകളും നൈപുണ്യവും വികസിപ്പിക്കാനുള്ള മാർഗമാണു തൊഴിൽ. വ്യക്തികളുടെ മാത്രമല്ല കുടുംബത്തിന്റെയും ആത്മസഫലീകരണത്തിനായി തൊഴിൽ അനിവാര്യമാണ്"(പാ. കോ. 6). തൊഴിലിന്റെ സാമൂഹിക മാനങ്ങളെക്കുറിച്ചും പാപ്പ പഠിപ്പിക്കുന്നുണ്ട്. "നമ്മുടെ കാലഘട്ടത്തിലുള്ള സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ പ്രതിസന്ധികൾ തൊഴിലിന്റെ മൂല്യം, പ്രാധാന്യം, ആവശ്യകത എന്നിവയെ വീണ്ടും കണ്ടെത്തി ആരെയും പുറത്താക്കാത്ത ഒരു പുതിയ സാമൂഹിക ക്രമം രൂപപ്പെടുത്തുന്നതിനുള്ള ആഹ്വാനമായി കാണണം" (പാ. കോ. 6) എന്നാണു പാപ്പ പഠിപ്പിക്കുന്നത്.

3. ലോകത്തെ പുരോഗതിയിലേക്ക് നയിക്കുന്ന ഘടകമാണ് തൊഴിൽ. മനുഷ്യൻ തൊഴിൽ ചെയ്തില്ലായിരുന്നുവെങ്കിൽ ലോകം ഇന്നും സൃഷ്ടാവസ്ഥയിൽ തന്നെ തുടരുമായിരുന്നു. സൃഷ്ടിയിൽ അന്തർലീനമായിരിക്കുന്ന ദിവ്യതയിലും സർഗാത്മകതയിലുമുള്ള പങ്കുചേരലാണ് തൊഴിലെന്ന ബോധ്യം ഉണ്ടാകുകയെന്നതാണ് ഓരോ

തൊഴിലാളിയും മെയ്ദിനത്തിൽ നിന്നും സ്വാംശീകരിക്കേണ്ട സന്ദേശം.

4. വ്യവസായവിപ്ലവത്തെ തുടർന്നു തൊഴിൽമേഖലയിൽ ഉണ്ടായ ചൂഷണത്തിനെതിരെ എട്ട് മണിക്കൂർ തൊഴിൽ, എട്ട് മണിക്കൂർ വിനോദം എട്ട് മണിക്കൂർ വിശ്രമം എന്ന ആവശ്യവുമായി തൊഴിലാളികൾ ചിക്കാഗോ നഗരത്തിൽ നടത്തിയ സമരം അധികാരികളാൽ അടിച്ചമർത്തപ്പെട്ടെങ്കിലും തങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കാൻ തൊഴിലാളി സമൂഹത്തിനു പിൽക്കാലത്ത് സാധിച്ചു. സമരമുഖത്തെ തൊഴിലാളികളുടെ സഹനത്തെയാണു മെയ്ദിനം നമ്മെ അനുസ്മരിപ്പിക്കുന്നത്.

5. "വ്യക്തി തന്റെ കായികവും ബുദ്ധിപരവും സർഗാത്മകവുമായ കഴിവുകളെ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുന്ന പ്രവർത്തനമാണു തൊഴിൽ" എന്നാണ് തിരുസ്സഭ നിർവചിച്ചിട്ടുള്ളത്. ഇതിൽ നിന്നു തന്നെ കുടുംബ പുരോഗതിയിലും സാമൂഹിക വികസനത്തിലും തൊഴിലിന്റെയും തൊഴിലാളിയുടെയും പ്രാധാന്യം എടുത്തു കാണിക്കുന്നുണ്ട്. അതുകൊണ്ടാണ് തൊഴിലാളിക്ക് ലഭിക്കുന്ന വേതനം തൊഴിലാളിയുടെയും കുടുംബത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും, നാളെയ്ക്കു വേണ്ടി അല്പം കരുതി വയ്ക്കുന്നതിനുമുള്ള വിധമായിരിക്കണമെന്നുമുള്ള നിലപാട് എടുത്തുകൊണ്ട് ജീവനക്കൂലി (living wages) കുടുംബക്കൂലി (family wages) എന്നീ ആശയങ്ങൾ തിരുസ്സഭ ഒരു നൂറ്റാണ്ടുകാലമായി സാമൂഹിക പ്രബോധനങ്ങൾ വഴി അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര തൊഴിൽ സംഘടന ഇക്കാര്യം തങ്ങളുടെ മാർഗനിർദ്ദേശ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അദ്ധ്വാനത്തിലൂടെ സ്വകാര്യ സ്വത്ത് ആർജിക്കുകയെന്നത് ഒരു വ്യക്തിയുടെ ഉത്തരവാദിത്വമാണെന്നു കൂടി അസന്നിഗ്ദ്ധമായി സഭയുടെ സാമൂഹീക ചാക്രികലേഖനങ്ങളിലൂടെ പ്രബോധിപ്പിക്കുന്നുണ്ട്.

6. തൊഴിൽ ലഭിക്കുക, തൊഴിലിനു മാന്യമായ വേതനം ലഭിക്കുക, സുരക്ഷിതമായ തൊഴിൽസാഹചര്യം ലഭിക്കുക, തൊഴിലിനു ഉറപ്പ് ലഭിക്കുക എന്നത് തൊഴിലാളികളുടെ അവകാശങ്ങളാണ്. അതോടൊപ്പം ചികിത്സാനുകൂല്യങ്ങൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാപദ്ധതികൾ തുടങ്ങിയ

വയുടെ ലഭ്യതയെല്ലാം തൊഴിലാളിയുടെ അവകാശമാണ്. ഇവ ഉറപ്പു വരുത്തുക ബന്ധപ്പെട്ട സർക്കാരുകളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണു എന്നാണു തിരുസ്സഭ പഠിപ്പിക്കുന്നത് (സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ സംക്ഷേപം 301). ദൗർഭാഗ്യവശാൽ ഈ കർത്തവ്യ നിർവ്വഹണത്തിൽ നിന്നും ഏകപക്ഷീയമായി പിൻ മാറുന്ന നയമാണ് സർക്കാരുകൾ പിന്തുടരുന്നത് എന്ന ദുഃഖകരമായ സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. മൂലധനത്തേക്കാൾ പ്രധാന്യം തൊഴിലാളികൾക്കാണു നൽകേണ്ടത് എന്നാണു സഭാ പ്രബോധന ങ്ങൾ പഠിപ്പിക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് പാപ്പ നിരന്തരം പരിദേ വനം നടത്തുന്നതുപോലെ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ പ്രാധാന്യമാണു ഇക്കാലത്ത് നൽകപ്പെടുന്നത്. മൂലധന താത്പര്യ ങ്ങൾ സംരക്ഷിക്കാനായി പലപ്പോഴും തൊഴിലാളികളുടെ അവകാ ശങ്ങൾ നിഹനിക്കപ്പെടുന്നു.

7. ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽ വിഭാഗമായ കർഷകർ തങ്ങളുടെ അവകാശസംരക്ഷണത്തിനായി സമരം തുടങ്ങിയിട്ട് ആറ് മാസങ്ങൾ കഴിഞ്ഞു. കർഷകരുമായി കൂടിയാലോചിക്കാതെ രൂപപ്പെ ടുത്തിയിട്ടുള്ള കർഷക നിയമങ്ങൾ തങ്ങളുടെ താത്പര്യങ്ങൾക്ക് എതിരാണെന്ന പരാതിയിലാണു കർഷകർ സമരം തുടരുന്നത്. നാലു ലേബർ കോഡുകളായി രൂപപ്പെടുത്തി പരിഷ്കരിച്ചിരിക്കുന്ന തൊ ഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന നടപടി ക്രമങ്ങൾ രൂപപ്പെടുത്തു ന്നത് അവസാനഘട്ടത്തിലാണ്. ഈ പരിഷ്ക്കാരങ്ങൾക്കെതിരെ തൊഴിലാളികളും പ്രതിഷേധത്തിലാണ്. വേണ്ടത്ര കൂടിയാലോചന നടത്താതെ രൂപപ്പെടുത്തിയിരിക്കുന്ന ഇവ തൊഴിലാളി താത്പര്യ ങ്ങൾക്കെതിരാണെന്നാണു അവർ ഉന്നയിക്കുന്ന പ്രധാന ആക്ഷേപം. നിലവിലുള്ള അവകാശങ്ങൾപോലും ഇല്ലാതാകുമെന്നു അവർ ഭയ പ്പെടുന്നു. മാത്രമല്ല, രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘ ടിത തൊഴിലാളികൾക്ക് ആവശ്യമായ പരിരക്ഷ ഈ നിയമത്തിൽ ഉറപ്പാക്കിയിട്ടില്ലെന്ന പരാതിയും അവർ ഉന്നയിക്കുന്നുണ്ട്.

8. പ്രകൃതിവിഭവങ്ങളിൽ ആശ്രയിച്ച് ജീവിതം കെട്ടിപ്പടുത്തുയർ ത്തുന്ന കർഷകരെയും-തൊഴിലാളി സമൂഹത്തെയും നിരാശയി ലേക്ക് നയിക്കുന്ന സാഹചര്യമാണു മലയോര മേഖലകളിൽ യുക്തി രഹിതവും അശാസ്ത്രീയവും ആയ വിധത്തിലുള്ള ബഫർസോൺ പ്രഖ്യാപനത്തിലൂടെയും, അന്യായമായി പട്ടയനിഷേധത്തിലൂടെയും

ഉണ്ടായിരിക്കുന്നത്. തീരപരിപാലന നിയമത്തിലെ അപാകതകൾ, ദേശീയ മത്സ്യനയം, ബ്ലൂ ഇക്കോണമി സോൺ നയം, ആഴക്കടൽ മത്സ്യബന്ധന കരാറുകൾ എന്നിവ തീരവാസികളുടെ, വിശിഷ്യാ മത്സ്യത്തൊഴിലാളികളുടെ ജീവിതം കഷ്ടത്തിലാക്കിയിരിക്കുന്നു. എന്നാൽ മലയോര മേഖലകളിലും തീരപ്രദേശങ്ങളിലും കോർപ്പറേറ്റുകൾക്കും ടൂറിസ്റ്റ് ലോബികൾക്കും എല്ലാവിധ ഒത്താശകളും ലഭിക്കുന്നു എന്നതാണു വൈരുദ്ധ്യം.

9. നിയമങ്ങൾ നിർമ്മിക്കുമ്പോഴും നയങ്ങൾ രൂപപ്പെടുത്തുമ്പോഴും ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തുവാൻ സർക്കാരുകൾ സന്നദ്ധമാകേണ്ടതുണ്ട്. മൂലധന താത്പര്യസംരക്ഷണത്തേക്കാൾ തൊഴിലാളികളുടെ സുസ്ഥിതിക്കും അവകാശങ്ങൾക്ക് മുൻതൂക്കം കൊടുത്തു മാത്രമേ നിയമങ്ങളും നയങ്ങളും നിർമ്മിക്കുവാൻ പാടുള്ളൂ. പുതിയ നിയമങ്ങൾ നിർമ്മിക്കുമ്പോൾ വിശദമായ ചർച്ചകൾ നിയമനിർമ്മാണ സഭകളിൽ നടക്കുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതുമാണ്. സാധാരണക്കാരായ ഗുണഭോക്താക്കളുടെ ആശങ്കകൾ പരിഹരിച്ചു മാത്രമേ നിയമങ്ങളും നയങ്ങളും നിർമ്മിക്കേണ്ടത്. ദീർഘകാലമായി സമരം ചെയ്യുന്ന കർഷകരോട് അനുഭാവ പൂർണ്ണമായ സമീപനം സ്വീകരിക്കാനും അവരുടെ ആശങ്കകൾ പരിഹരിച്ച് സമരം സമാപിപ്പിക്കാനുമുള്ള നടപടികൾക്ക് കേന്ദ്രസർക്കാർ നേതൃത്വം നൽകേണ്ടതാണ്.

10. വിശുദ്ധ യൗസേപ്പിന്റെ ജീവിതം മാതൃകയാക്കാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കുന്നതോടൊപ്പം തങ്ങളുടെ കടമകളെകുറിച്ച് തൊഴിലാളികളെ ചിന്തിപ്പിക്കുന്നതിനുള്ള അവസരംകൂടിയാണ് മെയ്ദിനം. അവകാശങ്ങളെ കുറിച്ചു മാത്രം ചിന്തിക്കുകയും കടമകളെ മറക്കാൻ ശ്രമിക്കുകയും ചെയ്യുന്ന തൊഴിലാളിസമൂഹം സ്വയംനാശത്തിലേക്ക് നിപതിക്കും. തദ്ഫലമായി രാഷ്ട്രത്തിന്റെ തകർച്ചയ്ക്ക് വരെ നിദാനമാകുകയും ചെയ്യും.

11. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹിക മേഖലയിലും പ്രതീക്ഷയുടേയും സന്തോഷത്തിന്റേയും വെളിച്ചം പരത്താൻ തൊഴിലാളിക്ക് കടമയുണ്ട്. ഇഷ്ടമുള്ള ജോലി ചെയ്യുന്നതിലല്ല മറിച്ച് ലഭിച്ച തൊഴിൽ സന്തോഷത്തോടെ അതിന്റെ പൂർണ്ണതയിൽ ചെയ്യുമ്പോഴാണ് തൊഴിലാളിക്ക് തന്റെ ഉത്തരവാദിത്വം നിറ

വേറ്റാനാകുന്നത്. തൊഴിൽമേഖലയിൽ സർഗാത്മകതയോടെ ഇടപെടുക, എല്ലാ മേഖലയിലും കരുതലെടുക്കുക, ത്യാഗമനസ്സുണ്ടാകുക, സഹകരണമനോഭാവം വളർത്തിയെടുക്കുക, പങ്കുവെയ്ക്കലിന്റെ രീതിശാസ്ത്രം പ്രയോഗവത്കരിക്കുക എന്നതെല്ലാം തൊഴിലാളികൾ തങ്ങളുടെ കടമകളാണെന്ന് തിരിച്ചറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് തൊഴിൽരംഗത്ത് വികസനവും സമാധാനവും സംജാതമാകുക. കുടുംബത്തിലുള്ള തന്റെ ചുമതലകൾ കർത്തവ്യബോധത്തോടെ തൊഴിലാളികൾ നിർവ്വഹിക്കണം. സാമൂഹിക പ്രതിബദ്ധതയും തൊഴിലാളികൾക്കുണ്ടാകണം (ഫ്രത്തേലി തൂത്തി 162).

12. “മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ“ (മത്ത. 7:12) എന്ന യേശു വചനത്തെ മലയിലെ പ്രസംഗത്തിലെ സുവർണ്ണ നിയമമെന്നാണു വിശേഷിപ്പിക്കുന്നത്. മാറ്റം തുടങ്ങേണ്ടത് നമ്മിൽ ഓരോരുത്തരിൽ നിന്നുമാണ്. അതിന് സ്വതന്ത്രചിന്ത അത്യാവശ്യമാണ്. സത്യാധിഷ്ഠിത പ്രവൃത്തികളാണു നമ്മെ സ്വതന്ത്രമാക്കുന്നത് (യോഹ 8:32). ജാതീയമായും മതപരമായും രാഷ്ട്രീയപരമായും വിഭജിതമായതും അടിമത്തപരമായ വിധേയത്വം പുലർത്തുന്നതുമായ വ്യക്തികളുടെ കൂട്ടം ഒരു പുരോഗതിയും മുന്നോട്ടു വയ്ക്കുന്നില്ല. ഈ സാഹചര്യത്തെയാണു രാഷ്ട്രീയ, ഭരണ, കോർപ്പറേറ്റ് കൂട്ടുകെട്ടുകൾ പ്രയോജനപ്പെടുത്തുന്നത് എന്ന തിരിച്ചറിവ് ഉള്ളവരായി മാറുകയെന്നതാണ് ഓരോ തൊഴിലാളിയുടേയും പരമപ്രധാനമായ കർത്തവ്യം. മാർ യൗസേപ്പിനെ പോലെ അവകാശങ്ങളെ കുറിച്ചും കടമകളെ കുറിച്ചും ബോധ്യമുള്ളവരായി തൊഴിലാളികൾ മാറണം.

13. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് ഇന്ത്യൻ മെത്രാൻ സമിതിയുടെ (CBCI) യുടെ വർക്കേർസ് ഇന്ത്യ ഫെഡറേഷനുമായി (WIF) സഹകരിച്ച് പ്രർത്തിക്കുന്നു. ഇന്ത്യയിലെ തൊഴിൽ, തൊഴിൽ ശക്തിയിലെ 94 ശതമാനം വരുന്ന അസംഘടിതതൊഴിലാളികളുടെ സംഘാടനവും ഉന്നമനവുമാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമാക്കുന്നത്.

14. തൊഴിൽപരമായ സംഘാടനം, നൈപുണ്യ പരിശീലനം, സാമൂഹിക സുരക്ഷാ പദ്ധതികളിലെ പങ്കാളിത്തം, ആരോഗ്യ ഇൻഷൂ

റൻസ് പദ്ധതികൾ, അവകാശ നിഷേധങ്ങൾക്കെതിരെയുള്ള പ്രതിരോധം, തൊഴിലിനെയും ആദരിക്കുന്ന സംസ്കാരത്തെ രൂപപ്പെടുത്തൽ, ക്രിസ്തീയവും ധാർമ്മികവുമായ ജീവിതരീതി പ്രദാനം ചെയ്യൽ തുടങ്ങിയവയാണ് കെ.എൽ.എം. ലക്ഷ്യം വയ്ക്കുന്നത്.

15. നിർമ്മാണതൊഴിലാളി ഫോറം, മത്സ്യത്തൊഴിലാളി ഫോറം, തയ്യൽതൊഴിലാളി ഫോറം, ഗാർഹീകതൊഴിലാളി ഫോറം, പീടിക തൊഴിലാളി ഫോറം, കർഷകതൊഴിലാളി ഫോറം, ചെറുകിടതോട്ടം തൊഴിലാളി ഫോറം, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ഫോറം, വനിതാ ഫോറം എന്നിങ്ങനെ വിവിധ ഫോറങ്ങൾ വഴിയാണു കെ.എൽ.എം. പ്രവർത്തിച്ചുവരുന്നത്.

16. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിൽ തൊഴിലാളി പ്രേഷിതത്വത്തിനു മുൻഗണന നൽകേണ്ടതാണ്. തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായുള്ള പ്രവർത്തനങ്ങൾ എല്ലാ രൂപതകളും വളരെ ഗൗരവപൂർവ്വം ഏറ്റെടുക്കുവാൻ താത്പര്യപ്പെടുന്നു. എല്ലാ ഇടവകകളിലും കെ.എൽ.എം. ന്റെ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും സജീവമാക്കുകയും ചെയ്യണം. മെയ് ദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നത് ഉചിതമാണ്.

17. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും വിശുദ്ധ യൗസേപ്പിന്റെ മാധ്യസ്ഥവും എല്ലാ തൊഴിലാളി സഹോദരങ്ങളുടെ മേൽ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും കാത്തു സംരക്ഷിക്കട്ടെ.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

# നാളാഗമം

**മാർച്ച് 2021**

31. രാജകുമാരി ദൈവമാതാദൈവാലയത്തിൽ വച്ച് സമൂഹബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 2021**

1 മുരിക്കാശ്ശേരി സെന്റ് മേരീസ് ദൈവാലയത്തിൽ പെസഹാത്തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

2. എഴുകുംവയൽ നിത്യസഹായമാതാ ദൈവാലയത്തിൽ ദുഃഖവെള്ളി തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

3. വാഴത്തോപ്പ് സെന്റ് ജോർജ്ജ് കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖശനി തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

4. തോപ്രാംകുടി മരിയ ഗൊരേത്തി ദൈവാലയത്തിൽ ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മിത്വം വഹിച്ചു.

5. വെള്ളയാംകുടി ഇടവക മാത്തൂർ അതുല്യ ജോസിന്റെയും തൊടുപുഴ ഇടവക ചെമ്പരത്തി അമൽ ജോർജ്ജിന്റെയും വിവാഹനിശ്ചയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

7. രാജമുടി എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന്റെ രജതജൂബിലി ആഘോഷ തിരുക്കർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു.

8. ഉപ്പുതോട് സി.എം.സി. മഠത്തിന്റെ ജൂബിലി ആഘോഷത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

* മഞ്ഞപ്പാറ ഇടവക വളയംപിള്ളിൽ സി. ട്രീസയുടെ വസതിയിലെത്തി മരണമടഞ്ഞ പിതാവിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

* മുക്കുടം ഇടവക കടുക്കാക്കുന്നേൽ സി. ദിവ്യ ജോസ് സി.എം.സി.യുടെ വസതിയിലെത്തി മരണമടഞ്ഞ പിതാവിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

9 തടിയമ്പാട് മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് മേജർ സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ പരിശീലന ക്യാമ്പിൽ വൈദികവിദ്യാർത്ഥികൾക്കുവേണ്ടി വി. കുർബാനയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

* കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് നടന്ന രൂപത കോടതിയുടെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

10 ബെഥേൽ സെന്റ് ജേക്കബ് ദൈവാലയത്തിൽ വച്ച് തങ്കമണി ഇടവക ചേലക്കാട്ട് ഗ്രേഷ്മയുടെയും സൗത്ത് ചിറ്റൂർ ഇടവക അഴീക്കകത്ത് സാംസണിന്റെയും വിവാഹനിശ്ചയത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

11 വാഴവര സെന്റ് മേരീസ് ദൈവാലയത്തിൽ ദൈവകരുണയുടെ തിരുനാൾ, പുതുഞായർ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

* എഴുകുംവയൽ നിത്യസഹായമാതാ ദൈവാലയത്തിൽ ദൈവകരുണയുടെ തിരുനാൾ, പുതുഞായർ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

* പാണ്ടിപ്പാറ സെന്റ് ജോസഫ് ദൈവാലയത്തിൽ ദൈവകരുണയുടെ തിരുനാൾ, പുതുഞായർ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

12 ചേമ്പളം ഇടവക കാരക്കാട്ട് കുട്ടിയച്ചൻ & ഏലമ്മ ദമ്പതികളുടെ വിവാഹ സുവർണ്ണ ജൂബിലി ആഘോഷത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

* നെടുങ്കണ്ടം ഇടവക ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ, ഫാ. ഫ്രാൻസിസ് കുഴിപ്പള്ളിൽ വൈദികരുടെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

14 രാമനാഥപുരം രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ട് പിതാവിന് രൂപതാ കാര്യാലയത്തിൽ സ്വീകരണം നല്കി.

15 നീലിവയൽ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് ഡീ. കൂട്ടമാക്കൽ ഉലഹന്നാന് തിരുപ്പട്ടം നല്കി.

17 കുതിരക്കല്ല് എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ക്രിസ്റ്റി ഓടച്ചുവട്ടിൽ, ജോസ്ന വെങ്ങാലൂർ എന്നിവരുടെ സന്യാസവസ്ത്ര സ്വീകരണത്തിലും പ്രഥമവ്രതവാഗ്ദാനത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു.

18 വെള്ളയാംകുടി സെന്റ് ജോർജ് ദൈവാലയത്തിൽ ഇടവക തിരുന്നാൾ തിരുക്കർമ്മങ്ങൾക്ക് തുടുക്കം കുറിച്ചു.

19 തങ്കമണി ഇടവക ഫാ. മാത്യു മുതുപ്ലാക്കൽ, സി. മരിയ മുതുപ്ലാക്കൽ എന്നിവരുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

* ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവിന് രൂപതാകാര്യാലയത്തിൽ സ്വീകരണം നല്കി.

20 തോപ്രാംകുടി സെന്റ് മരിയ ഗൊരേത്തി ദൈവാലയത്തിൽ വച്ച് CMC സന്യാസിനി സമൂഹത്തിലെ അഞ്ജലി പൂതക്കുഴിയിൽ, റ്റിനു കാരയ്ക്കാട്ട്, ഷാലിയ മുല്ലൂരാത്ത് എന്നിവരുടെ സന്യാസവസ്ത്ര സ്വീകരണത്തിലും പ്രഥമവ്രതവാഗ്ദാനത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു.

21 ഉദയഗിരി ദൈവാലയത്തിൽ വച്ച് നടത്തിയ ജോർദ്ദാനിയ മാമ്മോദീസായിൽ പുന്നോലിക്കുന്നേൽ ബിയോൺ നോബിൾ,കല്ലന്തറയിൽ ഐവാൻ മനോജ് എന്നിവർക്ക് പ്രവേശകകൂദാശകൾ നല്കി.

23 തോപ്രാംകുടി ദൈവാലയത്തിൽ വച്ച് നടത്തിയ ജോർദ്ദാനിയ മാമ്മോദീസായിൽ വരിക്കമാക്കൽ ലിഷാൻ സുബിന് പ്രവേശക കൂദാശകൾ നൽകി.

* വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ ഇടവക തിരുനാൾ തിരുക്കർമ്മങ്ങൾക്ക് തുടക്കം കുറിച്ചു.

24 മുരിക്കാശ്ശേരി FCC പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന്റെ സുവർണ്ണ-രജത ജൂബിലി ആഘോഷ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. പുതുതായി നിർമ്മിച്ച സന്യാസഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

# BISHOP'S ENGAGEMENTS

**മെയ് 2021**

1 ചരമ വാർഷികം - മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

2 തിരുപ്പട്ടസ്വീകരണം - ജോസ്പുരം

3 തിരുപ്പട്ടസ്വീകരണം - മരിയാപുരം

4 ജോർദ്ദാനിയ മാമ്മോദീസ - അടിമാലി,
മഠം വെഞ്ചരിപ്പ് - വെൺമണി

5 പ്രഥമ ദിവ്യകാരുണ്യ സ്വീകരണം - പനംകുട്ടി

6 മഠം വെഞ്ചരിപ്പ് - ജോർജ്ജിയാർ

9 പ്രഥമ ദിവ്യകാരുണ്യ സ്വീകരണം - മങ്കുവ

10 ജൂബിലി ആഘോഷം - എസ്.എച്ച് എഴുകുംവയൽ

11 തിരുപ്പട്ടസ്വീകരണം - വാഴത്തോപ്പ്

12 ജൂബിലി ആഘോഷം - തോക്കുപാറ

13 സുവർണ്ണജൂബിലി - കുറിഞ്ഞി

14-24 Engaged

## C. 36/21 കോവിഡ് മഹാമാരിക്കെതിരേ അമ്മയ്ക്കൊപ്പം ഏകമനസ്സോടെ

പരിശുദ്ധ അമ്മയെ പ്രത്യേകമായി വണങ്ങുന്ന മെയ്മാസത്തിൽ ഒന്നാം തീയതി മുതൽ കോവിഡ് മഹാമാരിയിൽ നിന്നുമുള്ള മോചനത്തിനായി ലോകം മുഴുവനെയും അമ്മയുടെ വിമല ഹൃദയത്തിൽ പ്രതിഷ്ഠിച്ച് നമുക്കെല്ലാവർക്കും ജപമാല ചൊല്ലി പ്രാർത്ഥിക്കാം. രൂപതയിൽനിന്നും വെഞ്ചെരിച്ച ജപമാല ഇതിനോടകം എല്ലാ ഭവനങ്ങളിലും ലഭിച്ചിട്ടുണ്ടാകുമല്ലോ എല്ലാദിവസവും വൈകുന്നേരം ദൈവാലയത്തിൽ സന്ധ്യാമണി അടിക്കുമ്പോൾ ഈ ജപമാല ഉപയോഗിച്ച് ലോകം മുഴുവന്റെയും രക്ഷയ്ക്കും മഹാവ്യാധിയിൽ നിന്നുമുള്ള മോചനത്തിനുവേണ്ടിയും ഇടുക്കി രൂപതയിലെ എല്ലാ കുടുംബങ്ങളും ഒരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു. നമ്മുടെ രൂപതയിലെ നാൽപതിനായിരം കുടുംബങ്ങളും ഒരേ മനസോടെ ഒരേ നിയോഗത്തോടെ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ നാടും ലോകവും സംരക്ഷിക്കപ്പെടും എന്ന വിശ്വസത്തോടെ നമുക്ക് ഈ ജപമാല കയ്യിലെടുക്കാം.

*Bishop*

## C. 37/21 മെയ് 7 പ്രാർത്ഥനാ ദിനം

കോവിഡ് 19 മഹാമാരിയിൽ നിന്നും ലോകത്തെ രക്ഷിക്കുന്നതിനായി സി.ബി.സി.ഐ. മെയ് 7-ാം തീയതി പ്രാർത്ഥനാ ദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്തിട്ടുണ്ട്. അന്നേദിവസം സാധിക്കുന്നവർ എല്ലാവരും ഉപവസിച്ച് പ്രാർത്ഥനയിൽ പങ്കുചേരണം എന്ന് പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ഇടവകകളിൽ ഇക്കാര്യം വിശ്വാസികളെ ഓർമ്മപ്പെടുത്തുമല്ലോ.

*Bishop*

## C. 38/21 അപേക്ഷകൾ കല്പനകൾ

കോവിഡ് വ്യാപനം രൂക്ഷമായതിനാലും, സഞ്ചാരനിയന്ത്രണമുള്ളതിനാലും കൂരിയാ ഓഫീസിന്റെ പ്രവർത്തനം പഴയ സംവിധാനത്തിലേക്ക് വീണ്ടും മടങ്ങുകയാണ്. കല്പനകൾ നേരിട്ടുവന്നു കൊണ്ടുപോകുകയെന്നതായിരുന്നല്ലോ നിലവിലുണ്ടായിരുന്ന രീതി. ഇനിമുതൽ കല്പനകളും വാട്ട്സാപ്പിലൂടെ അയച്ചുതരുന്നതാണ്. എന്നാൽ അനുകൂലമായ സാഹചര്യം സംജാതമാകുമ്പോൾ അസ്സൽ അപേക്ഷകൾ ഇവിടെ എത്തിച്ച് അവയുടെ കല്പനകൾ ഇവിടെ നിന്നു കൊണ്ടുപോകുന്നതിനുള്ള നിഷ്ഠ പാലിക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. ഇവ കൂരിയായിലും പള്ളികളിലെ രേഖാലയങ്ങളിലും ഫയൽചെയ്യേണ്ടതുണ്ടെന്ന കാര്യം അറിയാമല്ലോ.

*Proto Syncellus*

## C. 39/21 Monthly Recollection for Priests

മെയ് മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 156 മുതൽ 170 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto Syncellus*

## C. 40/21 വാർഷിക ഓഡിറ്റിംഗ്

2020-2021 ധനകാര്യ വർഷത്തെ വാർഷിക ഓഡിറ്റിംഗ് 2021 മെയ് 07-ാം തീയതി വെള്ളിയാഴ്ച്ച രൂപതാ കേന്ദ്രത്തിൽ വച്ച് രാവിലെ 9.30 മുതൽ 4 pm വരെ നടത്തുന്നതാണ്. ഈ വർഷം സ്ഥലമാറ്റം ഉണ്ട് എന്നറിയിപ്പ് കിട്ടിയിട്ടുള്ള ബഹു. അച്ചൻമാർ അവരുടെ പള്ളികളിലെ തിരട്ടുകൾ എത്രയും വേഗം തയ്യാറാക്കി, അത് പൊതുയോഗത്തിലോ ബന്ധപ്പെട്ട മീറ്റിംഗുകളിലോ അവതരിപ്പിച്ച് തിരട്ട്, നാൾവഴി, പേരേട്, Bills & Vouchers ഉൾപ്പെടെ കൊണ്ടുവരേണ്ടതാണ്. മുൻവർഷങ്ങളിലേതുപോലെ തന്നെ ഓഡിറ്റിംഗിന് എത്തുന്ന പള്ളികൾ 7-ാം തീയതി വരുന്ന സമയം കൂടി അറിയിച്ചിരുന്നെങ്കിൽ അതനുസരിച്ച് ക്രമീകരിക്കാമായിരുന്നു.

2021-2022 ധനകാര്യ വർഷത്തെ കണക്കുകൾ തയ്യാറാക്കുമ്പോൾ Rs. 10,000/- രൂപക്കുമേൽ വരുന്ന, അലവൻസ്/ശമ്പളം

മുതലായവ പള്ളിയുടെ അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തുവേണം നൽകാൻ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

*Procurator*

**C. 41/21** **തിരുനാൾ ആശംസകൾ**

| | |
|---|---|
| റവ. ഫാ. ഫിലിപ്പ് ഐക്കര | മെയ് 3 |
| റവ. ഫാ. ഫിലിപ്പ് മറ്റം | ” |
| റവ. ഫാ. ഫിലിപ്പ് പാറയ്ക്കൽ | ” |
| റവ. ഫാ. ഫിലിപ്പ് പെരുന്നാട്ട് | ” |
| റവ. ഫാ. ഫിലിപ്പ് താഴത്തുവീട്ടിൽ | ” |

*Bishop*

## Dispensation from Religious Vows

Rev. Fr. James Kallumkal VC (Provincial Superior, VC Marymatha Province Angamaly) has informed the Bishop that Rev. **Fr. Philip (Jiji) Karikoottathil VC** (from St. Joseph's Church, Narakakkanam) at present member of the Marymatha Province of the Vincentian Congregation has been given dispensation from the Religious Vows with effect from 21 November 2020.

Based on this information, Rev. **Fr. Philip (Jiji) Karikoottathil VC** shall not be admitted for discharging of any priestly ministry in any parish or institution in the Eparchy of Idukki, until further orders to the contrary.

Chancellor
Eparchy of Idukki

# കെയർ (CARE)

**CA. 03/21**

സ്നേഹ ബഹു. വൈദികരേ,

ഏപ്രിൽ മാസം 11-ാം തീയതി മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വച്ചു നടന്ന Survey- takers നു വേണ്ടിയുള്ള പരിശീലന പരിപാടിയിലേയ്ക്ക് ഇടവകയിൽ നിന്ന് യോഗ്യരായവരെ പറഞ്ഞു വിട്ട എല്ലാ അച്ചൻമാർക്കും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. 65 പേരടങ്ങുന്ന ഒരു ടീമിനെയാണ് ഇടവകകളിലേയ്ക്ക് അയച്ച് സ്ഥിതി വിവര കണക്കുകൾ ശേഖരിക്കാൻ പരിശീലനത്തിലൂടെ ഒരുക്കിയിരിക്കുന്നത്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ Survey യുടെ രീതിയെയും സമയത്തെയും സംബന്ധിച്ച് ബഹു. വികാരിയച്ചൻമാർ ഉചിതമായ തീരുമാനമെടുക്കുമല്ലോ. ഇപ്പോൾ വീടുകളിൽ ചെല്ലുന്നത് സാധ്യമല്ലാത്തതുകൊണ്ട് Survey യ്ക്കു വേണ്ടി തിരഞ്ഞെടുക്കപ്പെട്ട കൂട്ടായ്മകളിലെ (കൂട്ടായ്മകൾ തിരഞ്ഞെടുത്തിരിക്കുന്നത് സ്ഥിതി വിവര ശേഖരണത്തിന്റെ ശാസ്ത്രീയ രീതി അനുസരിച്ചാണ്). കുടുംബനാഥന്മാരെ മാത്രം ദേവാലയത്തിലേയ്ക്ക് വ്യത്യസ്ത സമയങ്ങളിലായി വിളിച്ചുവരുത്തി അവരിൽ നിന്ന് വേണ്ട വിവരങ്ങൾ ശേഖരിക്കാൻ സാധിക്കുമോ എന്നു ചിന്തിക്കണേ. കോവിഡ് ഏറെ വ്യാപിച്ചിട്ടുള്ളിടത്ത് Survey നടപടികൾ കുറച്ചുകൂടി നീട്ടി വയ്ക്കാവുന്നതാണ്. 30 ഇടവകകളിലായി 60 വീടുകൾ പ്രകാരം 1800 കുടുംബങ്ങളെയാണ് ഈ Sample Survey യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. Care ന്റെ Survey നടപടികൾക്ക് നേതൃത്വം നൽകുന്നത് Rev. Fr. Rijo Arayathinal ലും Central Committee അംഗങ്ങളുമാണ്. അവർ ബഹു. അച്ചൻമാരെ വിളിക്കുമ്പോൾ ഇടവകയിലെ സാഹചര്യമനുസരിച്ച് വേണ്ട സഹായങ്ങൾ ദയവായി നൽകുമല്ലോ.

സ്നേഹപൂർവ്വം,

അലക്സച്ചൻ (9961235305)

# സാന്താമരിയ സീറോ മലബാർ കാത്തലിക് മിഷൻ, അരുണാചൽ വെസ്റ്റ്

**SA. 11/21** **സാന്താമരിയ മിഷൻ കളക്ഷൻ**

**1. പള്ളികൾ**

| | | |
|---|---|---|
| 1. | മഞ്ഞപ്പെട്ടി | 6000.00 |
| 2. | കാഞ്ചിയാർ | 150000.00 |
| 3. | കോഴിമല | 5000.00 |
| 4. | നെല്ലിപ്പാറ | 20000.00 |
| 5. | വാഴവര | 75000.00 |
| 6. | പാലാർ | 35800.00 |
| 7. | ഉപ്പുതോട് | 25000.00 |

**2. സ്ഥാപനങ്ങൾ**

| | |
|---|---|
| SH കോൺഗ്രിഗേഷൻ | 50000.00 |

**3. ഇതര വ്യക്തികൾ**

| | | |
|---|---|---|
| 1. | ജിൽസ് നരിക്കുഴിയിൽ, കട്ടപ്പന | 50000.00 |
| 2. | ചക്കോച്ചൻ ആനിപ്പള്ളിൽ, മേരിലാന്റ് | 150000.00 |

# മൈനർ സെമിനാരി

## MS. 04/21 ദൈവവിളി തിരഞ്ഞെടുപ്പ് 2021

രൂപതാ മൈനർ സെമിനാരിയിലേയ്ക്ക് പുതിയ കുട്ടികളെ തിരഞ്ഞെടുക്കുന്നതിന് ഒരുക്കമായി നടത്താനിരുന്ന ദൈവവിളി ക്യാമ്പ് കോവിഡിന്റെ സാഹചര്യത്തിൽ നടത്താൻ സാധിക്കാത്തതുകൊണ്ട് വൈദിക ജീവിതത്തോട് ആഭിമുഖ്യമുള്ള കുട്ടികളെയും അവരുടെ മാതാപിതാക്കളെയും അതാത് ഇടവകകളിൽ വന്ന് കാണുകയും സെലക്ഷൻ നടത്തുകയും ചെയ്യുന്നതായിരിക്കും. ഇക്കാര്യത്തിൽ ബഹു. വികാരിയച്ചൻമാർ പ്രത്യേക താല്പര്യം കാണിക്കണമെന്നും കുട്ടികളെക്കുറിച്ചുള്ള വിവരങ്ങൾ താഴെക്കാണുന്ന നമ്പറിൽ അറിയിക്കണമെന്നും താല്പര്യപ്പെടുന്നു.

8547591417, 9526496747

## MS. 05/21 മേജർ സെമിനാരിക്കാരുടെ കൂട്ടായ്മ

മെയ് മാസം 10-ാം തീയതി മുതൽ 12-ാം തീയതി വരെ മേജർ സെമിനാരിക്കാരുടെ കൂട്ടായ്മ നമ്മുടെ മൈനർ സെമിനാരിയിൽ വച്ചു നടത്തപ്പെടുന്നു. വിവിധ മേജർ സെമിനാരികളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന തിയോളജി വിദ്യാർത്ഥികൾക്ക് മെയ് 12-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് കാറോയാ, ഹെവുപ്പദ്യാക്ക്നാ, മ്ശംശാന പട്ടങ്ങൾ അഭിവന്ദ്യ പിതാവ് നൽകുന്നതാണ്. ഒപ്പം റീജൻസി വിജയകരമായി പൂർത്തിയാക്കിയവർക്കു വൈദിക വസ്ത്രവും അന്നേ ദിവസം നൽകുന്നു.

# സന്യസ്തർ

## 1. വിൻസെൻഷ്യൻ സന്യാസസഭ - കൊച്ചി

വിൻസെൻഷ്യൻ സന്യാസസഭയുടെ സുപ്പീരിയർ ജനറാളായി റവ. ഡോ. ജോൺ കണ്ടത്തിങ്കര തിരഞ്ഞെടുക്കപ്പെട്ടു. ഫാ. ടോണി ചക്കുങ്കൽ (അസിസ്റ്റന്റ് ജനറൽ, പ്രേഷിതപ്രവർത്തനം), ഫാ. അഗസ്റ്റിൻ മുണ്ടക്കാട്ട് (പോപ്പുലർ മിഷൻ ധ്യാനം, അജപാലനം), ഫാ. തോമസ് മംഗലത്ത് (വിദ്യാഭ്യാസം, മാധ്യമങ്ങൾ), ഫാ. ജോർജ് ഇലഞ്ഞിക്കൽ പുത്തൻതറ (ധനകാര്യം) എന്നിവർ ഭരണസമിതി അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു.

## 2. ക്രിസ്തുദാസി സന്യാസിനി സമൂഹം, കോഴിക്കോട്

ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ മദർ ജനറലായി സി. ടീന കുന്നേലും, സി. ക്രിസ്റ്റീന കുന്നേൽ, സി. ലിറ്റി തെക്കാനത്ത്, സി. മിലി ചേലക്കാനിരപ്പേൽ, സി. റ്റിജി കാരിക്കാട്ടുകുഴിയിൽ എന്നിവർ ജനറൽ കൗൺസിലർമാരായും, സി. അനീറ്റ കക്കട്ടികാലായിൽ പ്രൊക്യൂറേറ്റർ ജനറലായും, സി. മോളി അമ്പലത്തിങ്കൽ സെക്രട്ടറി ജനറലായും തിരഞ്ഞെടുക്കപ്പെട്ടു.

## 3. ആരാധനാ സന്യാസിനി സമൂഹം (SABS)

❖ 12-04-2021-ന് ആലുവായിലുള്ള അഡോറേഷൻ ജനറലേറ്റിൽ വച്ച് ഇടുക്കി ജയ്മാതാ SABS പ്രൊവിൻസിലെ 4 ജൂണിയർ സിസ്റ്റേഴ്സ് താമരശ്ശേരി രൂപതയുടെ അഭിവന്ദ്യ പിതാവ് മാർ റെമിജിയൂസ് ഇഞ്ചനാനിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വി. ബലി മദ്ധ്യേ നിത്യവ്രതവാഗ്ദാനം നടത്തി.

❖ 17-04-2021-ന് ഇടുക്കി ജയ്മാതാ പ്രൊവിൻസിലെ 3 നോവിസസ് സഭാവസ്ത്രം സ്വീകരിച്ച് പ്രഥമവ്രതവാഗ്ദാനം നടത്തി. തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു.

## 4. തിരുഹൃദയ സന്യാസിനി സമൂഹം (SH)

❖ ഏപ്രിൽ 7-ാം തീയതി രാവിലെ 11 മണിക്ക് രാജമുടി പ്രൊവിൻ

ഷ്യൽ ഹൗസിൽ വച്ച് ജ്യോതി, നവജ്യോതി പ്രോവിൻസുകളിലെ സഹോദരിമാരുടെ സിൽവർ ജൂബിലി ആഘോഷം നടന്നു. ഇടുക്കി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് വി. കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

### 5. എഫ്.സി.സി. സന്യാസിനി സമൂഹം

❖ എഫ്.സി.സി. നിർമ്മൽ റാണി പ്രോവിൻസിന്റെ സോഷ്യൽ സർവ്വീസ് സൊസൈറ്റിയായ നിസ്സോയുടെ നേതൃത്വത്തിൽ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിലെ 15ാം വാർഡായ മക്കുവള്ളി എന്ന അവികസിത പ്രദേശത്തെ പാവപ്പെട്ട കുടുംബങ്ങൾക്കു വേണ്ടി സാമൂഹ്യ സേവന പരിപാടികൾക്ക് തുടക്കം കുറിച്ചു. നിസ്സോയുടെ സെക്രട്ടറി സി. ജീസയും പഴയരിക്കണ്ടം മഠത്തിലെ സിസ്റ്റേഴ്സും കൂടി മക്കുവള്ളിയിലെ എല്ലാ കുടുംബങ്ങളും സന്ദർശിച്ചു. 2021 ഏപ്രിൽ 10-ാംതീയതി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. സുഗുണയുടെ അദ്ധ്യക്ഷതയിൽ മക്കുവള്ളിയിലെ ലൈബ്രറി ഹാളിൽ വച്ച് പാവപ്പെട്ട കുടുംബങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് മീറ്റിംഗ് നടത്തി. പ്രസ്തുത മീറ്റിംഗിൽ വച്ച് നാല് കുടുംബങ്ങൾക്ക് വരുമാന മാർഗമായി ഓരോ ആടിനെ നൽകി. എല്ലാ കുടുംബങ്ങൾക്കും പച്ചക്കറി വിത്തുകൾ വിതരണം ചെയ്ത് കൃഷി കാര്യങ്ങളെ പ്രോത്സാഹിപ്പിച്ചു.

### 6. കർമ്മലമാതാവിന്റെ സന്യാസിനി സമൂഹം (CMC)

❖ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിനോടുള്ള ആദരസൂചകമായി രൂപതയിലെ വലിയ കുടുംബങ്ങൾക്ക് (2000നുശേഷം ജനിച്ച 4 ഉം അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങൾ) ഏർപ്പെടുത്തിയ സ്കോളർഷിപ്പ് (Rs. 5000/-) ഇടവകകളിൽ നിന്ന് ആപ്ലിക്കേഷൻ ലഭിച്ച 406 കുടുംബങ്ങൾക്ക് നൽകുന്നു.

❖ ഉപ്പുതോട് ഹോളി ട്രിനിറ്റി കോൺവെന്റിന്റെ സുവർണജൂബിലി 08-04-2021 ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന കൃതജ്ഞതാബലിയോടെ ആഘോഷിച്ചു.

❖ തോപ്രാംകുടി സെന്റ് മരിയ ഗൊരേത്തി ഇടവക ദേവാലയത്തിൽ വച്ച് ഏപ്രിൽ 20 ന് മൂന്ന് അർത്ഥിനികൾ സഭാവസ്ത്രസ്വീകരണവും വ്രതവാഗ്ദാനവും നടത്തി.

## CJ. 30/21 2020-21 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട്

2020-21 പ്രവർത്തന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തന റിപ്പോർട്ട് 2021 മെയ് 10-ാം തീയതിക്കു മുമ്പായി ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## CJ. 31/21 സൺഡേ സ്കൂൾ സന്ദർശന റിപ്പോർട്ട്

സൺഡേ സ്കൂൾ സന്ദർശന റിപ്പോർട്ട് ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കാത്ത റിസോഴ്സ് ടീം 2021 മെയ് 3-ാം തീയതിക്കു മുമ്പായി പ്രസ്തുത റിപ്പോർട്ട് ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ടതാണ്.

## CJ. 32/21 റീജൺസി ബ്രദേഴ്സിന് നന്ദിയും സ്വാഗതവും

2020-21 പ്രവർത്തന വർഷത്തിൽ ക്രിസ്തുജ്യോതി വിശ്വാസ പരിശീലനത്തിന്റെയും മിഷൻലീഗിന്റെയും ബുക്ക് സ്റ്റാളിന്റെയും പ്രവർത്തനങ്ങളിൽ വളരെ കൃത്യനിഷ്ഠയോടും ആത്മാർത്ഥതയോടും സഹായിച്ചുകൊണ്ടിരുന്ന ബ്രദർ ബിബിൻ അറയ്ക്കലിന്, തന്റെ റീജൺസിക്കാലം അവസാനിക്കുകയും തിയോളജി പഠനത്തിനായ് പോകുകയും ചെയ്യുന്നതിനാൽ പരിശുദ്ധാത്മാവിന്റെ ജ്ഞാനത്താൽ നിറയപ്പെടാൻ പ്രത്യേകം പ്രാർത്ഥിക്കുകയും ക്രിസ്തുജ്യോതി കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനയും അറിയിക്കുകയും ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു. ഓൺലൈൻ ക്ലാസ്സുകളുടെ ഷൂട്ടിംഗ്, എഡിറ്റിംഗ് തുടങ്ങിയ ജോലികൾ വളരെ തന്മയത്വത്തോടെ ചെയ്തു തീർക്കുമായിരുന്ന ബ്രദർ ബിബിന്റെ ശുശ്രൂഷകൾ എടുത്തു പറയത്തക്കതാണ്.

ക്രിസ്തുജ്യോതി വിശ്വാസ പരിശീലന കേന്ദ്രത്തിന്റെയും മിഷൻലീഗിന്റെയും ബുക്ക് സ്റ്റാളിന്റെയും പ്രവർത്തനങ്ങളിൽ സഹായിക്കുവാൻ നിയമിതനായ ബ്രദർ ടോണി കുഴിപ്പിലിനെ ഏറ്റവും സ്നേഹത്തോടെ ക്രിസ്തുജ്യോതി കുടുംബത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## CJ. 33/21 വാർഷിക കൺവൻഷനും HM കോൺഫറൻസും

ആയിരമേക്കർ സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് 29-5-2021 ശനിയാഴ്ച വാർഷിക കൺവൻഷനും HM കോൺഫറൻസും നടത്തപ്പെടുന്നു. 9.30 am ന് രജിസ്ട്രേഷൻ ആരംഭിക്കും. HM, സ്റ്റാഫ് സെക്രട്ടറി, CML ആനിമേറ്റർ എന്നിവർ കൺവൻഷനിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായി രിക്കും കൺവൻഷൻ നടത്തപ്പെടുക രജി.ഫീസ് 100/- രൂപ ആയിരിക്കും. കൺവൻഷൻ 2 pm ന് അവസാനിക്കും.

## CJ. 34/21 അധ്യാപകർക്കുള്ള അവാർഡ് വിതരണവും വിവിധ മത്സര വിജയികൾക്കുള്ള സമ്മാനദാനവും

10, 20, 25, 30, 35, 40, 45, 50 അധ്യയന വർഷങ്ങൾ പൂർത്തിയാക്കിയ അധ്യാപകർക്കുള്ള അവാർഡ് വിതരണവും 2019-ൽ നടത്തിയ അഖിലകേരള ലോഗോസ് ക്വിസ് മത്സരത്തിലെ രൂപതാതല മത്സര വിജയികൾക്കുള്ള സമ്മാനവും 2020-ൽ ഓൺലൈനായി നടത്തിയ ലോഗോസ് ക്വിസ്, ബിബ്ലോസ് - സൺഡേ സ്റ്റാർ, വിശുദ്ധർ എന്റെ കൂട്ടുകാർ തുടങ്ങിയ മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനങ്ങളും 29-5-2021 ആയിരമേക്കർ സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്ന വാർഷിക കൺവഷനിൽവച്ച് നൽകുന്നതാണ്. കോറോണ കാലഘട്ടമായതിനാൽ മത്സരവിജയികൾ വരാൻ പാടില്ലാത്തതും വിജയികൾക്കുള്ള സമ്മാനങ്ങൾ അതാതു ഇടവകകളിലെ പ്രധാനാധ്യാപകർ കൈപ്പറ്റേണ്ടതുമാണ്.

## CJ. 35/21 2021-22 പ്രവർത്തനോദ്ഘാടനവും സ്റ്റാഫ് മീറ്റിംഗും

2021 മെയ് 30-ാം തീയതി തങ്കമണി സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് അർപ്പിക്കുന്ന വിശുദ്ധ ബലിയും തുടർന്നുള്ള അനുഗ്രഹ പ്രഭാഷണത്തോടെയും വിശ്വാസ പരിശീലനത്തിന്റെയും മിഷൻലീഗിന്റെയും 2021-22 അധ്യയന വർഷം ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്. ക്രിസ്തുജ്യോതി വെബ്സൈറ്റിലും ഇടുക്കി വിഷൻ ചാനലിലും പ്രസ്തുത ചടങ്ങുകൾ എല്ലാവർക്കും പ്രക്ഷേപണം ചെയ്യുന്നതായിരിക്കും.

ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ചർച്ചകൾ നടത്തി പ്രാർത്ഥനയോടെ പുതിയ അധ്യയന വർഷത്തിന് തുടക്കം കുറിക്കണം. കോവിഡ് വ്യാപന ഘട്ടത്തിലും തീക്ഷ്ണതയോടെ നമുക്കൊരുമിച്ച് ദൈവരാജ്യ സ്ഥാപനത്തിനായ് യത്നിക്കാം.

## CJ. 36/21 SSC, HCC വാർഷിക പരീക്ഷയിൽ (2020-21) 100% വിജയം നേടിയ സൺഡേ സ്കൂളുകൾ

### SSC

1. Adimali, St. Jude Sunday School
2. Alpara, St. George Sunday School
3. Alphonsanagar, St. Alphonsa Sunday School
4. Anachal, St. George Sunday School
5. Anakulam, St. Joseph Sunday School
6. Antopuram, St. Antony Sunday School
7. Bhoomiyamkulam, St. Sebastian Sunday School
8. Bisonvalley, St. Antony Sunday School
9. Chelliampara, BVM Assu. Sunday School
10. Chembalam, St. Joseph Sunday School
11. Chemmannar, St. Francis Xavier Sunday School
12. Chempakapara, St. Peter Sunday School
13. Chinnarnirappu, St. Thomas Sunday School
14. Churuli, St. Thomas Sunday School
15. Eattithopu, Vijaya Matha Sunday School
16. Ellakal, St. Antony Sunday School
17. Ezhukumvayal, BVM Per. Help Sunday School
18. Georgiar, St. George Sunday School
19. Idukki, St. George Sunday School
20. Irumpupalam, St. Antony Sunday School
21. Josegiri, St. Joseph Sunday School
22. Josepuram, St. Joseph Sunday School
23. Kailasam, St. Joseph Sunday School
24. Kamakshy, St. Antony Sunday School

25. Kanakakunnu, St. Jude Sunday School
26. Kanchiyar, BVM Lourdes Sunday School
27. Kanjikuzhy, St. Mary's Sunday School
28. Kanthippara, St. Sebastian Sunday School
29. Karikkumtholam, St. Antony Sunday School
30. Karithodu, St. Mary's Sunday School
31. Kattakala(Georgepuram), St. George Sunday School
32. Keerithodu, Nithya Sahaya Matha Sunday School
33. Kiliyarkandam, Holy Family Sunday School
34. Kombayar, Infant Jesus Sunday School
35. Koombanmala, St. Joseph Sunday School
36. Koompanpara, BVM Fatima Sunday School
37. Korandakad, BVM Sunday School
38. Kozhimala, St. Joseph Sunday School
39. Kuthirakkallu, St. Jude Sunday School
40. Kuthupara, St. Joseph Sunday School
41. Lower Kulamavu (Muthiyurundayar), St. Thomas Sunday School
42. Machiplavu, St. F. Assisi Sunday School
43. Mailadumpara, Vela. Matha Sunday School
44. Manjappara, Christ the King Sunday School
45. Mankadavu, Infant Jesus Sunday School
46. Mankulam, St. Mary's Sunday School
47. Mankuva, St. Thomas Sunday School
48. Mariapuram, BVM Im. Con. Sunday School
49. Mukkudam, St. Sebastian Sunday School
50. Mulakuvally, St. Joseph Sunday School
51. Munnar, St. Michael Sunday School
52. Murickassery, BVM Im. Con. Sunday School
53. Muttukad, St. George Sunday School
54. Nankuthotty, St. George Sunday School
55. NazarathuValley, Holy Family Sunday School
56. Neelivayal, St. Mary's Sunday School
57. Nellippara, St. F. Xavier Sunday School
58. Pachady, St. Joseph Sunday School

59. Painavu, St.Thomas Sunday School
60. Palar, St. George Sunday School
61. Panamkutty, St. Joseph Sunday School
62. Perinchamkutty, St. Mary's Sunday School
63. Pezhumkandam, St. Joseph Sunday School
64. Ponmudy, BVM Purif. Sunday School
65. Ponnamala, St. Mary's Sunday School
66. Pottenkad, St. Sebastian Sunday School
67. Pushpakandam, St.Marys Sunday School
68. Rajamudy, Christuraj Sunday School
69. Rajapuram, Christuraj Sunday School
70. Santhigram, St. Joseph Sunday School
71. Snehagiri, St. Sebastian Sunday School
72. Thankamany, St. Thomas Sunday School
73. Thattekanni(LowerPeriyar), St. George Sunday School
74. Thookkupalam, St. Antony Sunday School
75. Thopramkudy, St. Maria Goretti Sunday School
76. Thovarayar, Infant Jesus Sunday School
77. Vathikudy, Lurde Matha Sunday School
78. Vattappara,(Snehapuram) Infant Jesus
79. Vazhathope, St. George Sunday School
80. Vellayamkudy, St. George Sunday School
81. Venmony, St. George Sunday School

**HCC**

1. Adimali, St. Jude Sunday School
2. Alpara, St. George Sunday School
3. Alphonsanagar, St. Alphonsa Sunday School
4. Anachal, St. George Sunday School
5. Anakulam, St. Joseph Sunday School
6. Antopuram, St. Antony Sunday School
7. Ayiramekkar, St. Thomas Sunday School
8. Bethel, St. Jacob Sunday School
9. Bhoomiyamkulam, St. Sebastian Sunday School

10. Bisonvalley, St. Antony Sunday School
11. Calvarymount, St. George Sunday School
12. Chelliampara, BVM Assu. Sunday School
13. Chembalam, St. Joseph Sunday School
14. Chemmannar, St. Francis Xavier Sunday School
15. Chempakapara, St. Peter Sunday School
16. Chinnarnirappu, St. Thomas Sunday School
17. Churuli, St. Thomas Sunday School
18. Eattithopu, Vijaya Matha Sunday School
19. Ellakal, St. Antony Sunday School
20. Georgiar, St. George Sunday School
21. Idukki, St. George Sunday School
22. Josegiri, St. Joseph Sunday School
23. Josepuram, St. Joseph Sunday School
24. Kailasam, St. Joseph Sunday School
25. Kallar, St. Joseph Sunday School
26. Kallarkutty, St. Joseph Sunday School
27. Kamakshy, St. Antony Sunday School
28. Kanakakunnu, St. Jude Sunday School
29. Kanchiyar, BVM Lourdes Sunday School
30. Kanjikuzhy, St. Mary's Sunday School
31. Kanthippara, St. Sebastian Sunday School
32. Karikkumtholam, St. Antony Sunday School
33. Karimpan, BVM Sunday School
34. Karithodu, St. Mary's Sunday School
35. Kattakala(Georgepuram), St. George Sunday School
36. Keerithodu, Nithya Sahaya Matha Sunday School
37. Kiliyarkandam, Holy Family Sunday School
38. Kombayar, Infant Jesus Sunday School
39. Koompanpara, BVM Fatima Sunday School (Hostel Students)
40. Kozhimala, St. Joseph Sunday School
41. Kunchithanni, Holy Family Sunday School
42. Kurisupara, Holy Cross Sunday School
43. Kuthirakkallu, St. Jude Sunday School

44. Kuthupara, St. Joseph Sunday School
45. Lower Kulamavu (Muthiyurundayar), St. Thomas Sunday School
46. Machiplavu, St. F. Assisi Sunday School
47. Mailadumpara, Vela. Matha Sunday School
48. Maniyaramkudy, St. Mary’s Sunday School
49. Manjapetty, St. Mary’s Sunday School
50. Manjappara, Christ the King Sunday School
51. Mankadavu, Infant Jesus Sunday School
52. Mariapuram, BVM Im. Con. Sunday School
53. Maryland, St. Mary’s Sunday School
54. Mukkudam, St. Sebastian Sunday School
55. Mulakaramedu, St. Martin.de Pores Sunday School
56. Mulakuvally, St. Joseph Sunday School
57. Murickassery, BVM Im. Con. Sunday School
58. Muttukad, St. George Sunday School
59. Nankuthotty, St. George Sunday School
60. Narakakkanam, St. Joseph Sunday School
61. NazarathuValley, Holy Family Sunday School
62. Nedumkandam, St. Sebastian Sunday School
63. Neelivayal, St. Mary’s Sunday School
64. Nellippara, St. F. Xavier Sunday School
65. Pachady, St. Joseph Sunday School
66. Painavu, St.Thomas Sunday School
67. Palar, St. George Sunday School
68. Pandipara, St. Joseph Sunday School
69. Panickankudy, St. J. Vianney Sunday School
70. Panniarkutty, BVM Assum. Sunday School
71. Pazhayarikandam, St. Sebastian Sunday School
72. Perinchamkutty, St. Mary’s Sunday School
73. Pezhumkandam, St. Joseph Sunday School
74. Ponmudy, BVM Purif. Sunday School
75. Ponnamala, St. Mary’s Sunday School
76. Pushpakandam, St.Marys Sunday School
77. Rajamudy, Christuraj Sunday School

78. Rajapuram, Christuraj Sunday School
79. Sahayagiri, St. Mary’s Sunday School
80. Sleevamala, St. Benedict Sunday School
81. Snehagiri, St. Sebastian Sunday School
82. Thankamany, St. Thomas Sunday School
83. Thannikandam, St. Mary’s Sunday School
84. Thattekanni(LowerPeriyar), St. George Sunday School
85. Thokkupara, St. Sebastian Sunday School
86. Thookkupalam, St. Antony Sunday School
87. Thopramkudy, St. Maria Goretti Sunday School
88. Upputhodu, St. Joseph Sunday School
89. Vathikudy, Lurde Matha Sunday School
90. Vattappara,(Snehapuram) Infant Jesus
91. Vazhavara, BVM of Grace Sunday School
92. Vellathooval, St. George Sunday School
93. Vellayamkudy, St. George Sunday School
94. Venmony, St. George Sunday School

## CJ. 37/21 കോവിഡ് മഹാമാരിക്കെതിരേ അമ്മയ്ക്കൊപ്പം ഏകമനസ്സോടെ

പരിശുദ്ധ അമ്മയെ പ്രത്യേകമായി വണങ്ങുന്ന മെയ് മാസത്തിൽ, ഒന്നാം തീയതി മുതൽ കോവിഡ് മഹാമാരിയിൽ നിന്നുമുള്ള മോചനത്തിനായ് ലോകം മുഴുവനെയും പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിൽ പ്രതിഷ്ഠിച്ച് നമുക്കെല്ലാവർക്കും ജപമാല ചൊല്ലി പ്രാർത്ഥിക്കാം

അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് വെഞ്ചരിച്ച ജപമാല ഇതിനോടകം എല്ലാ ഭവനങ്ങളിലും ലഭിച്ചിട്ടുണ്ടാകുമല്ലോ. എല്ലാ ദിവസവും വൈകുന്നേരം ദൈവാലയത്തിൽ സന്ധ്യാമണി അടിക്കുമ്പോൾ ഈ ജപമാല ഉപയോഗിച്ച് ലോകം മുഴുവന്റെയും മഹാവ്യാധിയിൽ നിന്നുമുള്ള മോചനത്തിനുംവേണ്ടി കുടുംബാംഗങ്ങൾ ഒരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**CJ. 38/21 സ്കൂൾ, സൺഡേ സ്കൂൾ, വേദപാഠം മോറൽ സയൻസ് എന്നീ പുസ്തകങ്ങളുടെ വില വിവര പട്ടിക**

| Class | Sunday Cat. | School Cat. | School Moral |
|---|---|---|---|
| I | 25 | 27 | 45 |
| II | 25 | 27 | 45 |
| III | 25 | 27 | 45 |
| IV | 25 | 27 | 45 |
| V | 30 | 27 | 50 |
| VI | 30 | 27 | 50 |
| VII | 30 | 27 | 50 |
| VIII | 30 | 22 | 50 |
| IX | 30 | 22 | 50 |
| X | 30 | 22 | 50 |
| XI | 30 | 40 | 40 |
| XII | 30 | 40 | 40 |

**CJ. 39/21 ഓർമ്മപ്പെടുത്തൽ**

2020-21 പ്രവർത്തന വർഷത്തെ ഇടവക വിഹിതം, വർക്കു ബുക്കിന്റെ തുക വിശ്വാസ പരിശീലന കലണ്ടറിന്റെ തുക, സുവിശേഷോത്സവത്തിന്റെ തുക ഇവ തരാത്ത സൺഡേ സ്കൂൾ എത്രയും പെട്ടന്നുതന്നെ ടി തുകകൾ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. ബാങ്ക് ട്രാൻസ്ഫർ മുഖേന അയക്കുന്നവർ പേരും ഇടവകയുടെ പേരും ചേർക്കുകയോ ഓഫീസിലേയ്ക്ക് വിളിച്ചു പറയുകയോ വേണം.

**CJ. 40/21 മതാധ്യാപക അവാർഡ്**

2019-2020, 2020-2021 അധ്യയന വർഷങ്ങളിൽ 10, 20, 25, 30, 35, 40, 45, 50 അധ്യയന വർഷങ്ങൾ പൂർത്തിയാക്കിയ അധ്യാപകർ

ക്കുള്ള അവാർഡുകൾ പരിഗണിക്കുന്നതിനായി എല്ലാ ഇടവകകളിൽ നിന്നും നിശ്ചിത വർഷങ്ങൾ പൂർത്തിയാക്കിയ അധ്യാപകരുടെ പേരും വീട്ടുപേരും ഇടവകയുടെ പേരും പൂർത്തിയാക്കിയ വർഷവും എഴുതി പാസ്പോർട്ട് സൈസ് ഫോട്ടോ ഉൾപ്പെടെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ സാക്ഷ്യപത്രത്തോടൊപ്പം 2021 മെയ് 15-ാം തീയതിയ്ക്കു മുൻപായി ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

## CORPORATE EDUCATIONAL AGENCY

### Edn. 08/21 പ്രൈമറി അധ്യാപക ദിവസവേതന നിയമനം

പ്രൈമറി അധ്യാപക തസ്തികകളിലേക്ക് ദിവസവേതന നിയമനങ്ങൾക്കായി അപേക്ഷ സമർപ്പിച്ചവർക്ക് മെയ് 15 ന് ശനിയാഴ്ച രാവിലെ 11 മണിക്ക് വാഴത്തോപ്പ് സെന്റ് ജോർജ് ഹയർ സെക്കണ്ടറി വിദ്യാലയത്തിൽ വച്ചു എഴുത്തു പരീക്ഷ നടത്തുന്നതാണ്. ഒബ്ജക്റ്റീവ് രീതിയിലുള്ള പരിക്ഷയ്ക്ക് 6, 7 ക്ലാസുകളിലെ ഇംഗ്ലീഷ്, കണക്ക്, സയൻസ്, മലയാളം എന്നീ വിഷയങ്ങളിൽ നിന്നും പൊതുവിജ്ഞാനം, 12-ാം ക്ലാസിലെ വേദപാഠം (വിശ്വാസവഴിലെ തീർത്ഥാടകർ) എന്നീ വിഭാഗങ്ങളിൽ നിന്നും ഉൾപ്പെടെ 60 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

പരീക്ഷയിൽ വിജയിക്കുന്നവർക്കുള്ള ഇന്റർവ്യൂ 27-05-2021 നു രാവിലെ 10 മണി മുതൽ രൂപതാ വിദ്യാഭ്യാസ കാര്യാലയത്തിൽ വച്ചു നടത്തുന്നതാണ്. കൊറോണാ വ്യാപനം മൂലം വിദ്യാലയങ്ങൾ ജൂണിൽ തുറക്കുന്നില്ലായെങ്കിൽ ഇന്റർവ്യൂ മാറ്റി വയ്ക്കുന്നതാണ്.

### Edn. 09/21 ഉദ്യോഗാർത്ഥികളുടെ ബയോഡേറ്റാ പുതുക്കി നൽകൽ

എഴുത്തു പരീക്ഷയും, ഇന്റർവ്യൂവും കഴിഞ്ഞ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും രൂപതയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ളതും, എന്നാൽ സ്ഥിരനിയമനം ലഭിക്കാത്തതുമായ ഉദ്യോഗാർത്ഥികൾ രൂപതാ

വിദ്യാഭ്യാസ ആഫീസിൽ താഴെ പറയുന്ന ദിവസങ്ങളിൽ നേരിട്ടെത്തി തങ്ങളുടെ ബയോഡേറ്റാ പുതുക്കി നൽകേണ്ടതാണ്.

മെയ് 13 - പ്രൈമറി വിഭാഗം - (T.T.C., D.Ed.)

മെയ് 14 - അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗം - (B.Ed.)

## Edn. 10/21 ലാബ് അസിസ്റ്റന്റ് പ്രമോഷൻ

രൂപതയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ ഓഫീസ് അറ്റന്റർമാരായി അംഗീകൃത സേവനത്തിൽ ഉള്ളവരും, ഹയർസെക്കണ്ടറി സ്കൂളുകളിലേയ്ക്ക് ലാബ്-അസിസ്റ്റന്റായി പ്രമോഷൻ ലഭിക്കുവാൻ ആഗ്രഹിക്കുന്നവരുമായ ഓഫീസ് അറ്റന്റർമാർ (O.A.) മെയ് മാസം 22-ന് മുമ്പായി രൂപതാ വിദ്യാഭ്യാസ ആഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## Edn. 11/21 വിദ്യാലയങ്ങളുടെ മെയിന്റനൻസ് ഗ്രാന്റ്

2020-21 വർഷം വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാതിരുന്നതിനാൽ നമുക്ക് ലഭിക്കേണ്ടിയിരുന്ന മെയിന്റനൻസ് ഗ്രാന്റിനായും അപേക്ഷകൾ വിദ്യാഭ്യാസ ആഫീസർമാർ തിരിച്ചയച്ചിരിക്കുകയാണ്. എന്നാൽ 26-03-2021-ലെ സ.ഉ. (സാധാ.) നം. 2312/21/പൊ.വിവ. എന്ന സർക്കാർ ഉത്തരവ് പ്രകാരം 2019-20 വർഷത്തെ ആറാം സാധ്യായ ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2020-2021 -ലെ മെയിന്റനൻസ് ഗ്രാന്റ് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനാൽ എല്ലാ പ്രധാനാദ്ധ്യാപകരും തങ്ങളുടെ വിദ്യാലയങ്ങളിലെ ടി അപേക്ഷ മേൽപറഞ്ഞ രീതിയിൽ തയ്യാറാക്കി 2019-2020 വർഷത്തെ ടി. തുക അനുവദിച്ച ഉത്തരവിന്റെ പകർപ്പ് സഹിതം 3 സെറ്റ് അപേക്ഷ 08-05-21 ന് മുമ്പായി രൂപതാ വിദ്യാഭ്യാസ കാര്യാലയത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു. മാതൃകാഫോം ഓരോ വിദ്യാലയത്തിന്റേയും ഇ. മെയിലിൽ ലഭ്യമാക്കുന്നതാണ്.

## SS 19/21 മുട്ടക്കോഴിക്കുഞ്ഞ് വിതരണം

എച്ച്.ഡി.എസിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 500 കോഴിക്കുഞ്ഞുങ്ങളെ ഏപ്രിൽ മാസത്തിൽ വെള്ളയാംകുടി, എഴുകുംവയൽ, ഇരട്ടയാർ, തങ്കമണി എന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

## SS 20/21 ആനിമേറ്റേഴ്സ് മീറ്റിംഗ്

സൊസൈറ്റിയുടെ ആനിമേറ്റേഴ്സ് മീറ്റിംഗ് 13-04-2021 ൽ കരിമ്പൻ ബിഷപ്സ് ഹൗസ് ഓഫീസിൽ വച്ച് നടന്നു. യോഗത്തിൽ സൊസൈറ്റിയുടെ കീഴിലുള്ള ക്രെഡിറ്റ് യൂണിയന്റെ വാർഷികം കോവിഡ് നിയന്ത്രണങ്ങളെത്തുടർന്ന് അനിശ്ചിതകാലത്തേക്ക് മാറ്റി വയ്ക്കുവാൻ തീരുമാനിച്ചു. ക്ഷയരോഗ നിവാരണ സെന്റർ ഇടുക്കി ജില്ലാ ഓഫീസർ ശ്രീ. ഔസേപ്പച്ചൻ ആന്റണിക്ഷയരോഗ നിവാരണ ബോധവത്ക്കരണ ക്ലാസ്സ് എടുത്തു. സൊസൈറ്റി ഡയറക്ടർ, കേന്ദ്ര കമ്മറ്റി അംഗങ്ങൾ, ആനിമേറ്റേഴ്സ്, സ്റ്റാഫ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## SS 21/21 ഹരിതാഭം പദ്ധതി

നബാർഡിന്റെയും കേരളാബാങ്കിന്റെയും സഹകരണത്തോടുകൂടി സൊസൈറ്റി നടപ്പാക്കുന്ന ഹരിതാഭം പദ്ധതിയുടെ ഭാഗമായി വരുമാന വർദ്ധനവിനായി ഉപ്പുതോട് യൂണിറ്റിലെ6 സംഘങ്ങൾക്കായി 13,00,000 രൂപ വായ്പ നൽകി.

## SS 22/21 റൂറൽക്യാമ്പ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 18-03-2021 ൽ മറയൂർ കേന്ദ്രമാക്കി മാർ സ്ലീവാ കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് റൂറൽക്യാമ്പ് നടത്തി. ക്യാമ്പിന്റെ ഉദ്ഘാടനം മറയൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷാ ഹെൻട്രി നിർവ്വഹിച്ചു. സൊസൈറ്റി

എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, മറയൂർ പള്ളി വികാരി ഫാ. ജോസഫ് വെളിഞ്ഞാലിൽ, മാർ സ്ലീവാ കോളേജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് മേധാവി ഫാ. ജോസി പുതുപറമ്പിൽ എന്നിവർ ഉദ്ഘാടന യോഗത്തിൽസന്നിഹിതരായിരുന്നു. ക്യാമ്പിന്റെ ഭാഗമായി മറയൂർ ടൗൺ ക്ലീനിംഗ്, ആദിവാസി കുടികൾ സന്ദർശനം, സർവ്വേ, ക്ഷയരോഗ നിവാരണ ബോധവത്ക്കരണ ക്ലാസ്സ് എന്നീ പരിപാടികൾ നടത്തി. 16 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. അധ്യാപകരായ അനു മോഹൻ, അന്നാ പി.ബി., രാജ്കുമാർ പി.ഡി., ഐവിൻ ജോസ്, ജയ്മോൻ വർഗ്ഗീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ സിബി തോമസ്, കോഡിനേറ്റർമാരായഎബിൻ കുറുന്താനത്ത്, ബിജൊ ഇളംതുരുത്തിയിൽ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## ചെറുപുഷ്പ മിഷൻലീഗ്

**CML 19/21 സങ്കീർത്തനാലാപന മത്സരം 2021**

**ജൂണിയർ വിഭാഗം**

**രൂപതാതല വിജയികൾ**

1. Alka Manoj, Kuttikkattil, Kallupalam
2. Savio Benny, Chakkumkal, Panickankudy
3. Anitta Jose, Kottapurath, Mulakaramedu

**മേഖലാതല വിജയികൾ**

**Churuly :-** DonaTomy, Maniyambrayil, Venmony
**Erattayar:-** Joel Jose Thomas, Parapallikunnel, Erattayar
**Koombanpara:-** Sneha Santhosh, Cherayil, Irumbupalam
**Kunchithanny:-** Ansona C Santhosh, Champakulathu, Pottenkadu
**Mankulam:-** Treesa Mathew, Mankulam
**Murickassery:-** Angel Manuel, Ittikunnel, Upputhode
**Nedumkandam:-** Alka Manoj, Kuttikkattil, Kallupalam
**Parathode:-** Savio Benny, Chakkumkal , Panickankudy

**Rajakkad:-** Ashna Benny, Koonampalackal
**Thankamony:-** Fiona Rose Abi, Pulikkayil, Pandippara
**Vazhathope:-** Jiya Jimmy, Avimoottil, Karimpan
**Vellayamkudy:-** Anitta jose, Kottapurath, Mulakaramedu

### സീനിയർ വിഭാഗം

#### രൂപതാതല വിജയികൾ

1. Alphonsa Simon, Vadakkekkara, Kurisupara
2. Aidamol Devasia, Njavallikkunnel, Thovarayar
3. Albin sunny, Mulangasseriyil, Pandippara

#### മേഖലാതല വിജയികൾ

**Churuly:-** Diviya Sabu, Edappadiyil, Venmony
**Erattayar:-** Rose Jaimon, Panachikkal, Erattayar
**Koombanpara:-** Andriya Saju, Koombanpara
**Kunchithanny:-** Jesnsa shibu, Pulickakudyil, Pottankad
**Mankulam:-** Alphonsa Simon, Vadakkekkara, Kurisupara
**Murickassery:-** Dyna Biju, Vattakunnel (H), Upputhodu
**Nedumkandam:-** Nancy Antony, Munjanattu, Thookkupalam
**Parathode:-** Gifty Francis, Punnolil, Parathodu
**Rajakkad:-** Anna Shaji, Thengumpillil, Rajakadu
**Thankamony:-** Albin Sunny, Mulangasseriyil, Pandippara
**Vazhathope:-** Diyona Robert, Odackal, Bhoomiamkulam.
**Vellayamkudy:-** Aidamol Devasia, Njavallikkunnel, Thovarayar

# കെ.സി.വൈ.എം. (SMYM)

## KCYM 17/21 പ്രതിഷേധിച്ചു

ഇന്ത്യൻ ക്രൈസ്തവ സമൂഹത്തിനുനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളിൽ കെ.സി.വൈ.എം. ഇടുക്കി രൂപത പ്രതിഷേധിച്ചു. വടക്കേ ഇന്ത്യയിൽ നടക്കുന്ന ക്രൈസ്തവ പീഡനങ്ങൾക്കെതിരെയും ട്രെയിൻ യാത്രക്കിടെ കഴിഞ്ഞ 19-ന് ഉത്തർപ്രദേശിൽ ക്രൈസ്തവ സന്യാസിനിമാർക്കു നേരെയുണ്ടായ അക്രമങ്ങൾക്കെതിരെയുമാണ് പ്രതിഷേധിച്ചത്.

## KCYM 18/21 കരിദിനം ആചരിച്ചു

ഇന്ത്യൻ ക്രൈസ്തവ സമൂഹത്തിനു നേരേ തുടർച്ചയായുണ്ടാകുന്ന അതിക്രമങ്ങളിൽ പ്രതിഷേധിച്ച് മാർച്ച് മാസം 31-ാം തിയതി ബുധനാഴ്ച്ച കരിദിനം ആചരിച്ചു. രാവിലെ 6 മുതൽ വൈകുന്നേരം ആറുവരെയാണ് ഇടുക്കി രൂപതയിൽ കരിദിനം ആചരിച്ചത്. വടക്കേ ഇന്ത്യയിൽ നടക്കുന്ന ക്രൈസ്തവ പീഡനങ്ങളിലും ട്രെയിൻ യാത്രയ്ക്കിടെ ഉത്തർപ്രദേശിൽ ക്രൈസ്തവ സന്യാസിനിമാർക്ക് നേരേയുണ്ടായ അക്രമണങ്ങളിലും ഓശാന നാളിൽ ക്രൈസ്തവ ദേവാലയത്തിനു നേരേയുണ്ടായ അക്രമണത്തിലും പ്രതിഷേധിച്ചാണ് കരിദിനമാചരണം നടത്തിയത്.ക്രൈസ്തവ ന്യൂനപങ്ങൾക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങളെ ഇല്ലായ്മ ചെയ്യാൻ ഭരണാധികാരികൾ തയാറാകണമെന്ന് സമിതി ആവശ്യപ്പെട്ടു.

## KCYM 19/21 മെമ്പർഷിപ് ക്യാമ്പയിൻ

കത്തോലിക്കാ യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം. ലേക്ക് പുതുതായി കടന്നുവരുന്ന യുവജനങ്ങൾക്കായുള്ള മെമ്പർഷിപ്പ് ക്യാമ്പയിൻ നടത്തപ്പെട്ടു. രൂപതാ തല ഉത്ഘാടനം ഏപ്രിൽ മാസം 18-ാം തിയതി കെ.സി.വൈ.എം. മരിയാപുരം യൂണിറ്റിന്റെ ആതിഥേയത്തിൽ നടത്തപ്പെട്ടു. രൂപതയിലെ ഓരോ ഇടവകകളിൽ നിന്നും പുതുതായി അംഗത്വം സ്വീകരിക്കുവാൻ പോകുന്നവരെ രൂപതാ സമിതി അഭിനന്ദിക്കുകയും ഹാർദമായി സ്വാഗതം ചെയ്യുകയും ചെയ്തു.

## KCYM 20/21 ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പ്

കെ.സി.വൈ.എം.-ൽ 2021-22 ഭരണസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട രൂപതാ ഭാരവാഹികൾക്കായി ആനക്കുളത്തുവച്ച് രണ്ടു ദിവസത്തെ ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പ് സംഘടിപ്പിച്ചു. 22 പേർ അടങ്ങുന്ന സംഘം ഈ ക്യാമ്പിൽ പങ്കെടുത്തു.

## KCYM 21/21 ഭവന നിർമ്മാണം

മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ 1-ാം ചരമ വാർഷികത്തോട് അനുബന്ധിച്ച് കെസിവൈഎം ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ മരിയാപുരം ഇടവകയിൽ നിർമ്മിച്ചു നല്കുന്ന ഭവന നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

## KCYM 22/21 ചികിത്സ സഹായത്തിനായി ഗാനമേള നടത്തപ്പെട്ടു

തുടർ ചികിത്സയ്ക്ക് ബുദ്ധിമുട്ട് നേരിട്ടുകൊണ്ടിരുന്ന ജിൻസ് കല്ലുവച്ചേലിന്റെ ചികിത്സ സഹായത്തിനായി കെ.സി.വൈ.എം. നെല്ലിപ്പാറയുടെ ആഭിമുഖ്യത്തിൽ ഗാനമേള സംഘടിപ്പിച്ചു. എയ്ഞ്ചൽ മെലഡീസിന്റെ നേതൃത്വത്തിൽ 8-4-2021 വ്യാഴാഴ്ച്ച ചെറുതോണിയിൽ വച്ചാണ് ഗാനമേള നടത്തപ്പെട്ടത്. ഏകദേശം രണ്ടു ലക്ഷത്തി ഇരുപതിനായിരം രൂപ സമാഹരിക്കാൻ ഈ പരിപാടിക്ക് സാധിച്ചു.നിസ്വാർത്ഥ സേവനം ചെയ്ത കെ.സി.വൈ.എം. നെല്ലിപ്പാറയ്ക്ക് ഇടുക്കി രൂപതാ കുടുംബം നന്ദി അറിയിച്ചു.

# ജീസസ് യൂത്ത് ഇടുക്കി സോൺ

## JY 08/21 സോണൽ അസംബ്ലിയും പുതിയ സോണൽ കൗൺസിൽ പുനഃ സംഘടനയും

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ അടുത്ത 2 വർഷത്തേക്കുള്ള പുതിയ സോണൽ കൗൺസിലിന്റെ തിരഞ്ഞെടുപ്പ് 2021 മാർച്ച് മാസം 27-ാം തീയതി ശനിയാഴ്ച രാവിലെ 11 മണി മുതൽ വൈകുന്നേരം 5 മണി വരെ മുരിക്കാശ്ശേരി പാവനാത്മ കോളേജ് ചാപ്പലിൽ ചേർന്ന സോണൽ അസംബ്ലിയിൽ വച്ച് നടത്തുകയുണ്ടായി. പുതിയ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

1, എബിൻ ടോമി. - കോ-ഓർഡിനേറ്റർ (കൈലാസം)
2, ജോമോൾ സാലു. - അസി. കോ-ഓർഡിനേറ്റർ (മുരിക്കാശേരി)
3, ആൻമരിയ ജോസഫ് - സെക്രട്ടറി (കരിമ്പൻ)
4, ഡെലിറ്റ മാത്യൂ (രാജാക്കാട് )
5, ജിതിൻ ഫ്രാൻസിസ് (പണിക്കൻകുടി )
6, അമൽ തോമസ് (തോക്കുപാറ)
7, അമൽ ജോണി (താന്നിക്കണ്ടം)
8, ജിനോ ജോസഫ് (ബഥേൽ)
9, ആൽവിൻ തോമസ് - Permanent invitee (കഞ്ഞിക്കുഴി)
10, ഫാ. ആന്റണി പാറക്കടവിൽ - Chaplain
11, സി. ബ്ലെസ്സി സി.എം.സി. - Sister Animator
12, ജോയി ടി.എം. - Elder Animator (പാറത്തോട് )
13, അബി കോതമംഗലം - KJYC Responsible Person.

## JY 09/21 അടിമാലി- മുരിക്കാശ്ശേരി സംയുക്ത ഹൗസ്ഹോൾഡ്

14-04-2021 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ അടിമാലി, മുരിക്കാശ്ശേരി ഹൗസ്ഹോൾഡുകൾ സംയുക്തമായി സൂം പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. 28 പേർ പ്രസ്തുത ഹൗസ്ഹോൾഡിൽ പങ്കെടുത്തു.

# ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 04/21 വിവാഹ ഒരുക്ക സെമിനാർ മെയ് 2021**

2021 മെയ് മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ **മെയ് 7, 8, 9,** തീയതികളിൽ നടത്തപ്പെടുന്നു. **മെയ് മാസം 1, 2 തീയതികളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ** പേര് രജിസ്റ്റർ ചെയ്യാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

പേര് രജിസ്റ്റർ ചെയ്യാൻ വിളിക്കേണ്ട നമ്പരുകൾ:
സി. സോഫി CMC - 6235931254
സി. ലിൻസ് റാണി CMC - 6238864768
ഡയറക്ടർ - 8301065968

# പ്രാർത്ഥനാ ഗ്രൂപ്പ്

**PG 22/21 ജാഗരണ പ്രാർത്ഥന സബ് സോണുകളിൽ**

രൂപതയുടെ മിഷൻ കേന്ദ്രമായ സാന്ദാമരിയ മിഷനു (അരുണാചൽ പ്രദേശ്) വേണ്ടിയുള്ള ജാഗരണ പ്രാർത്ഥന സബ് സോൺ സേവന സമതിയുടെ നേതൃത്വത്തിൽ മാസത്തിലെ എല്ലാ ബുധനാഴ്ച്ചയും നടത്തിവരുന്നു ഈ പ്രാർത്ഥനായജ്ഞം നല്ല രീതിയിൽ മുമ്പോട്ടു കൊണ്ടുപോകാൻ സഹകരിക്കുന്ന വൈദികർ, സമർപ്പിതർ, അൽമായർ തുടങ്ങി എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**PG 23/21 ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി**

കത്തോലിക്ക കരിസ്മാറ്റിക്ക് പ്രാർത്ഥനാ ഗ്രൂപ്പ് കപ്പിൾസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ വലിയാഴ്ച്ചയിൽ സോണിലെ കപ്പിൾസ് പാണ്ടിപ്പാറ സെന്റ് ജോസഫ്സ് തീർത്ഥാടന കേന്ദ്രത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥനയ്ക്കും പങ്കുവയ്ക്കലിനുംശേഷം പാണ്ടിപ്പാറ കുരിശ് മലയിലേയ്ക്ക് കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ച്

പ്രദിക്ഷണം നടത്തുകയും ചെയ്തു. കപ്പിൾസ് മിനിസ്ട്രി ആനിമേറ്റർ റവ. ഫാ. ജോസഫ് കോയിക്കൽ നേതൃത്വം നൽകി.

### PG 24/21 L.S.S. (Life in the Spirit Seminar)

L.S.S. ന്റെ ഇടവക തല സെമിനാറുകൾ നടത്തുന്നതിനായി L.S.S. ടീം ഒരുക്കങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. മെയ് മാസ ത്തിൽ തന്നെ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്.

### PG 25/21 പുതിയ നിയമനങ്ങൾ

സോണൽ സർവ്വീസ് ടീം അംഗമായിരുന്ന ബ്രദർ ജോണി കാനത്തിൽ ഉഴവൂറിലേക്ക് താമസം മാറ്റിയതിനാൽ ടീമിൽ വന്ന ഒഴുവിലേക്ക് ബ്രദർ ബെന്നി മാപ്രയെ തിരഞ്ഞെടുത്തു. ബെന്നിക്ക് എല്ലാവിധ ആശംസകളും നേരുന്നു.

### PG 26/21 സ്റ്റാർ ലൈറ്റ് - ഉന്നതവിജയത്തിനായി ഒരു വഴികാട്ടി

ഏപ്രിൽ 10 ന് ആരംഭിച്ച സ്റ്റാർ ലൈറ്റ് പഠന ശിബിരത്തിൽ സോണിലെ 25 കുട്ടികൾ പങ്കെടുത്തു.

### PG 27/21 മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ കബറിട സന്ദർശനവും പ്രാർത്ഥനാ ദിനാചരണവും

ദിവംഗിതനായ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ ഒന്നാം ചരമ വാർഷിക സ്മരണാർത്ഥം ഇടുക്കി സോൺ സർവ്വീസ് ടീം അംഗങ്ങൾ ഡയറക്ടർ റവ. ഫാ. ജോസഫ് നടുപ്പടവിലച്ചന്റെയും ആനിമേറ്റർ സി. മേബിൾ CMC യുടെയും നേതൃത്വത്തിൽ ഒരുമിച്ച് ചേർന്ന് പ്രാർത്ഥിക്കുകയും പിതാവിന്റെ കബറിടം സന്ദർശിച്ച് പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു.

# കത്തോലിക്കാ കോൺഗ്രസ്

**AKCC 19/21 പ്രതിഷേധ യോഗം**

ഞായറാഴ്ചകളും ഈസ്റ്റർ ദുഃഖവെള്ളി ഉൾപ്പെടെ ക്രൈസ്തവ പ്രാധാന്യമുള്ള ദിവസങ്ങൾ പ്രവർത്തി ദിനങ്ങൾ ആക്കി മാറ്റുകയും സുപ്രധാന പരീക്ഷകൾ നടത്തുകയും ചെയ്യുന്ന ഗവൺമെന്റ് തീരുമാനത്തിന് എതിരെ കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപത പ്രതിഷേധമറിയിച്ചു. രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കലിന്റെ അധ്യക്ഷതയിൽ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന രൂപതാ കമ്മിറ്റിയിലാണ് ഭാരവാഹികൾ പ്രതിഷേധം അറിയിച്ചത്. രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവകണ്ടം, ജനറൽ സെക്രട്ടറി മാത്യൂസ് ഐക്കര, ട്രഷറർ ബേബി കോട്ടക്കലിൽ, ജോസുകുട്ടി മാടപ്പള്ളിൽ, ജോസഫ് കുര്യൻ ഏറമ്പടം എന്നിവർ സംസാരിച്ചു.

**AKCC 20/21 അനുശോചനം**

കത്തോലിക്ക കോൺഗ്രസ് മുൻ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ജോസഫ് വിതയത്തിലിന്റെ നിര്യാണത്തിൽ രൂപത അനുശോചനം രേഖപ്പെടുത്തി.

കത്തോലിക്കാ കോൺഗ്രസ് രൂപത പ്രസിഡന്റ് ജോർജ് കോയിക്കലിന്റെ ഭാര്യാമാതാവിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും മൃതസംസ്കാര ശുശ്രൂഷയിൽ രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവകണ്ടം, മുൻ ഡയറക്ടർ ഫാ. ജോർജ് പാട്ടത്തേകുഴി, മാത്യൂസ് ഐക്കര, ബേബി കോട്ടക്കലിൽ, ജോസ് ചെത്തിമറ്റം തുടങ്ങിയവർ പങ്കെടുത്തു.

## PLA 01/21 S.H.G. സംഘം രൂപീകരണം

ഇടുക്കി രൂപത പ്രോലൈഫ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പ്രോലൈഫ് സംഘങ്ങൾ (S.H.G.) ഇടവകകളിൽ രൂപപ്പെടുത്തി വരുന്നു. കുട്ടികളുടെ എണ്ണം നാലോ അതിലധികമോ ഉള്ള കുടുംബങ്ങളെ സഹായിക്കാനും പിന്തുണയ്ക്കാനുമായി, CMC സന്യാസിനി സമൂഹവുമായി ചേർന്നാണ് ഇത്തരം സംഘങ്ങൾ രൂപപ്പെടുത്തുന്നത് CMC സന്യാസിനി സമൂഹംവഴി S.H.G. സംഘത്തിലൂടെ പലിശ രഹിത വായ്പകൾ നല്കിയാണ് വലിയ കുടുംബങ്ങളെ സഹായിക്കുന്നത്

ചുരുളി ഫൊറോനയിലെ എല്ലാ ഇടവകകളേയും ചേർത്ത് ഒരു S.H.G. സംഘവും, തോപ്രാംകുടി ഇടവകയിൽ മറ്റൊരു S.H.G. സംഘവും രൂപീകരിച്ചു കഴിഞ്ഞു. വലിയ കുടുംബങ്ങൾ ഉള്ള എല്ലാ ഇടവകകളിലും S.H.G. സംഘം രൂപീകരിക്കാൻ ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വലിയ കുടുംബങ്ങളെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന എല്ലാ വൈദികർക്കും സന്യസ്തർക്കും പ്രോലൈഫ് മിനിസ്ട്രിയുടെ നന്ദി അറിയിക്കുന്നു.

# അറിയിപ്പുകൾ

സ്നേഹം നിറഞ്ഞ അച്ചൻമാരേ,

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ ഡൽഹിയിലെ പ്രശസ്തമായ ALS Institute മായി സഹകരിച്ച് സിവിൽ സർവീസ് പ്രവേശന പരിശീലനം നൽകുവാൻ NIRMALA Civil Service Academy എന്നൊരു സ്ഥാപനം മൂവാറ്റുപുഴ Nirmala College MCA Block - ൽ ആരംഭിക്കുകയാണ്. അതോടൊപ്പം തന്നെ മറ്റ് ഗവൺമെന്റ് തസ്തികകളിലേക്കും പ്രവേശന പരീക്ഷ പരിശീലനം നല്കുന്നതാണ്. നിലവിൽ സിവിൽ സർവീസ് (IAS, IFS, IPS etc.), PSC കോച്ചിംഗുകളാണ് ഇവിടെ ആരംഭിക്കുക. കാലക്രമേണ മറ്റ് മത്സര പരീക്ഷകൾക്കുള്ള പരിശീലനവും നൽകുന്നതാണ്.

## Diocesan Scholarship

കോതമംഗലം, ഇടുക്കി രൂപതകളിലെ കുട്ടികൾക്ക് ഒരു വർഷത്തെ ഫുൾടൈം സിവിൽ സർവീസ് പ്രവേശനപരിശീലനത്തിന് സ്കോളർഷിപ്പ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. 2021 മെയ് 08-ന് നടത്തുന്ന പ്രവേശനപരീക്ഷയുടെയും തുടർന്നു വരുന്ന ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ റാങ്ക് നിർണ്ണയം നടത്തിയാണ് സ്കോളർഷിപ്പ് നൽകുന്നത്. അവസാനവർഷ ഡിഗ്രി പഠിക്കുന്നവരെയും പാസ്സായവരെയുമാണ് പ്രതീക്ഷിക്കുന്നത്.

**സ്കോളർഷിപ്പ് തീയതി** : May 8, 10.00 am -12.00 noon (Reporting time 9.30 am)

**വേദി** : Nirmala College MCA Block, Muvattupuzha

**പഠനഭാഗം** : G.K. 50%, Catechism X, XI, XII 50% (MCQ - Pattern Exam)

**ഫുൾ സ്കോളർഷിപ്പ്**

ആദ്യത്തെ രണ്ടു റാങ്കുകൾ നേടുന്ന കുട്ടികൾക്ക് ഡൽഹി ALS-ൽ താമസിച്ച് മുഴുവൻ ഫീസിളവും (രണ്ട് ലക്ഷം), ഹോസ്റ്റൽ ഫീസിൽ 50 ശതമാനവും ഇളവ് നൽകി പരിശീലനം നൽകുന്നു.

**75% ഫീസിളവ്**

3 മുതൽ 12 വരെ റാങ്ക് നേടുന്ന കുട്ടികൾക്ക് 75% ഫീസിളവ് നൽകി (നിർമ്മലയിലെ ഫുൾ ഫീസ്

₹ 1,10,000) മൂവാറ്റുപുഴ Nirmala Civil Service Academy-യിൽ പരിശീലനം നൽകുന്നു.

**50% ഫീസിളവ്**

13 മുതൽ 27 വരെ റാങ്ക് നേടുന്ന കുട്ടികൾക്ക് 50% ഫീസിളവ് നൽകി മൂവാറ്റുപുഴ Nirmala Civil Service Academy-യിൽ പരിശീലനം നൽകുന്നു.

**NB:** ഇതിനുപുറമെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ കുട്ടികൾക്ക് സ്കോളർഷിപ്പ്

നൽകുന്നതാണ്. അർഹതയുള്ള കഠിനാദ്ധ്വാനികളായ വിദ്യാർത്ഥികൾക്ക് അവസരം നൽകാൻ രൂപത പ്രതിജ്ഞാബദ്ധമാണ്.

നമ്മുടെ ഇടവകകളിലെ മിടുക്കരായ കുട്ടികളെ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ച് ഇതിനു

പറഞ്ഞയയ്ക്കുമല്ലോ. സ്കോളർഷിപ്പിൽ പങ്കെടുക്കുന്നവരുടെ പേരുകൾ മെയ് 2-ാം തീയതിയോടുകൂടി

9496065457, 7907119072 എന്നീ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**NIRMALA Civil Service Academy - നിലവിൽ ആരംഭിക്കുന്ന കോഴ്സുകൾ**

**സിവിൽ സർവീസ്**

1) ബേസിക് കോഴ്സ് - 10 മാസം (രണ്ടാം ശനിയാഴ്ചകളിൽ മാത്രം, 9-12 Std. Students)

2) ഫൗണ്ടേഷൻ കോഴ്സ് - 2 വർഷം (Degree/PG പഠിക്കുന്നവർ)

3) ഫുൾ ടൈം കോഴ്സ് (PCM) - 1 വർഷം

4) ഫുൾ ടൈം കോഴ്സ് (PCM) - 1.5 വർഷം

5) ഓപ്ഷണൽ കോഴ്സുകൾ

6) പ്രിലിംസ്, മെയിൻസ് Test Series + Interview Preparation

**PSC**

1) സൺഡേ ബാച്ച് (6 മാസം)

2) Crash Courses (SSLC, Plus Two, Degree തലങ്ങളിൽ നിർദ്ദിഷ്ട സമയങ്ങളിൽ)

പരിശീലന കോഴ്സുകൾ ജൂൺ, ജൂലൈ മാസങ്ങളിലായി ആരംഭിക്കുന്നതാണ്. തദവസരത്തിൽ പള്ളിയിലും ഇടവകയിലെ വാട്ട്സാപ്പ് ഗ്രൂപ്പുകളിലും ഇക്കാര്യം അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

നമ്മുടെ കുട്ടികൾ സിവിൽ സർവീസ്, ഗവൺമെന്റ് ജോലികളിൽ പ്രവേശിക്കുന്നത് തീർച്ചയായും അവർക്കും സമുദായത്തിനും പൊതുസമൂഹത്തിനും ഗുണം ചെയ്യും. നമ്മുടെ സമുദായം പൊതുസമൂഹത്തിൽ അവഗണിക്കപ്പെട്ടുകൂടാ. ഇത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നു മനസ്സിലാക്കി നമ്മളാൽ കഴിയുന്ന എല്ലാ പ്രോത്സാഹനവും നൽകുമല്ലോ.

സ്നേഹാദരങ്ങളോടെ,

**മോൺ. ഫ്രാൻസീസ് കീരംപാറ**
വികാരി ജനറാൾ

## വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ വിശുദ്ധ പദവി: മെയ് 3 ന് കൺസിസ്റ്ററി കൂടാൻ തീരുമാനം.

റോം: വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള അടക്കം ഏഴ് പേരെ വിശുദ്ധരായി പ്രഖ്യാപിക്കുന്നതിനു മുന്നോടിയായി വരുന്ന മെയ് മൂന്നിന് വത്തിക്കാനിൽവെച്ച് ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ കൺസിസ്റ്ററി കൂടുവാൻ തീരുമാനം. അപ്പസ്തോലിക കൊട്ടാരത്തിൽ രാവിലെ 10 മണിയോടെ കൺസിസ്റ്ററിക്കു ആരംഭമാകും. കർദ്ദിനാളുമാരുടെ ഈ പ്രത്യേക സമ്മേളനത്തിൽ ഇവരെ വിശുദ്ധരായി പ്രഖ്യാപിക്കുന്ന തീയതി തീരുമാനിക്കും. ഭാരതത്തിലെ പ്രഥമ അൽമായ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെയും ഇറ്റലിയിൽ നിന്നുള്ള വൊക്കേഷണിസ്റ്റ് സന്യാസസമൂഹ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫാ. ജസ്റ്റിൻ റുസ്സലീലോയുടെയും മറ്റ് വാഴ്ത്തപ്പെട്ടവരുടെയും നാമകരണത്തിനായി അവരുടെ പേരിൽ നടന്ന അത്ഭുതങ്ങൾ ഫ്രാൻസിസ് പാപ്പ കഴിഞ്ഞ വർഷം അംഗീകരിച്ചിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിൽ തിരുവിതാംകൂർ രാജ്യത്ത് ഉദ്യോഗസ്ഥനായിരിക്കെ, ഹൈന്ദവ വിശ്വാസം ഉപേക്ഷിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വ്യക്തിയാണ് വാഴ്ത്തപ്പെട്ട ദൈവസഹായം പിള്ള. 1712 ഏപ്രിൽ 23-ന് കന്യാകുമാരി ജില്ലയിലെ നട്ടാലത്തായിരിന്നു അദ്ദേഹത്തിന്റെ ജനനം. വിശ്വാസ പരിവർത്തനത്തിനു മുൻപ് നീലകണ്ഠപിള്ള എന്ന് പേരുണ്ടായിരുന്ന അദ്ദേഹം മാർത്താണ്ഡവർമ്മയുടെ കൊട്ടാരത്തിൽ കാര്യദർശിയായിരുന്നു. ഡച്ച് സൈന്യാധിപൻ ഡിലനോയിൽ നിന്നു ക്രിസ്തുവിനെ അറിഞ്ഞ പിള്ള തെക്കൻ തിരുവിതാംകൂറിലെ നേമം എന്ന സ്ഥലത്ത് മിഷനറിയായിരുന്ന ബുട്ടാരി എന്ന ഈശോസഭാവൈദികനിൽ നിന്ന് 1745 മേയ് 17-ന് ലാസർ എന്നർത്ഥമുള്ള ദേവസഹായം പിള്ള എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ചു.

രാമപുരം, വടക്കേക്കുളം, നെയ്യാറ്റിൻകര തുടങ്ങിയ സ്ഥലങ്ങളിലെല്ലാം പോയി പിള്ള ക്രിസ്തുവിനെ പ്രസംഗിച്ചത് രാജസേവ

കരെയും സഹപ്രവർത്തകരെയും ചൊടിപ്പിക്കുകയായിരിന്നു. പിള്ള യ്ക്കെതിരായി അവർ ഉപജാപം നടത്തി അവർ രാജദ്രോഹക്കുറ്റം ചാർത്തി. അദ്ദേഹത്തിന്റെ കൈകാലുകൾ ബന്ധിച്ച് ദിവസവും 30 അടി വീതം കാൽവെള്ളയിൽ അടിക്കാൻ രാജാവ് ഉത്തരവിട്ടു. വഴി പോക്കർ പോലും പിള്ളയെ മർദിച്ചു രസിച്ചു. മുളകുപോടി ചുറ്റിനും ഇട്ടു പുകയ്ക്കുക, എരുക്കിൻ പൂമാലയണിയിച്ച് പൊള്ളുന്ന വെയി ലത്ത് എരുമപ്പുറത്ത് കയറ്റി നാടുചുറ്റിക്കുക, മുറിവിൽ മുളകു പുര ട്ടുക തുടങ്ങിയ മർദനമുറകൾ. നാലു കൊല്ലത്തോളം ജയിൽ വാസം.

1752 ജനുവരി 14ന് വെടിവച്ചു കൊല്ലാനുള്ള ഉത്തരവുമായി രാജഭടൻമാർ പിള്ളയെ കാറ്റാടി മലയിലേക്ക് കൊണ്ടുപോയി. തനി ക്ക് പോകാൻ സമയമായി എന്നറിഞ്ഞ പിള്ള അവസാനമായി പ്രാർ ത്ഥിക്കാൻ അനുവാദം ചോദിച്ചു. പാറയിൽ ചങ്ങലകളിൽ ബന്ധിക്ക പ്പെട്ടു പ്രാർത്ഥിക്കുന്ന ചിത്രം പിന്നീട് വിശ്വാസചരിത്രത്തിനു വിള ക്കായി മാറിയിരിന്നു.

മല്പാൻ മാത്യു വെള്ളാനിക്കൽ

# വിളിയിലും വിശ്വാസത്തിലും സ്ഥിരത

**(തിരുവചനഭാഗം: 2 പത്രോ 2,1–22)**

വിശ്വാസികളെ തങ്ങളുടെ വിളിയിലും വിശ്വാസത്തിലും ഉറപ്പിക്കുന്നതിനു നല്കുന്ന ഉപദേശവും, വ്യാജപ്രബോധകർക്കെതിരെ ജാഗരൂകത പാലിക്കേണ്ടതിന്റെ ആവശ്യകതയുമാണ് ഈ അദ്ധ്യായത്തിന്റെ പ്രതിപാദനവിഷയം. അദ്ധ്യായത്തെ ഇപ്രകാരം വിഭജിക്കാം:

1. വ്യാജപ്രബോധകരെ സൂക്ഷിക്കുക (2,1–3)
2. നീതിപൂർവ്വകമായ വിധി (2,4–9)
3. തെറ്റായ പെരുമാറ്റശൈലി (2,10–14)
4. ഫലരഹിതമായ പ്രവർത്തനം (2,15–19)
5. വിശ്വാസത്യാഗികളുടെ നാശം (2,20–22)

വിശ്വാസികളുടെ സമൂഹമായ സഭയുടെ സമൂഹങ്ങൾക്ക് നേതൃത്വം നല്കുന്ന പുരോഹിതർക്ക് ഈ വചനഭാഗം നല്കുന്ന സന്ദേശങ്ങൾ ധ്യാനവിഷയമാക്കാം.

**1. വ്യാജപ്രബോധകരെ സൂക്ഷിക്കുക**

"*ഇസ്രായേൽ ജനങ്ങൾക്കിടയിൽ വ്യാജപ്രവാചകന്മാരുണ്ടായിരുന്നു. അതുപോലെ, തങ്ങളുടെമേൽ ശീഘ്രനാശം വരുത്തിവയ്ക്കുന്ന വ്യാജോപദേഷ്ടാക്കൾ നിങ്ങളുടെയിടയിലും ഉണ്ടാകും. അവർ വിനാശകരമായ അഭിപ്രായങ്ങൾ രഹസ്യത്തിൽ പഠിപ്പിക്കുകയും തങ്ങളെ വിലകൊടുത്തു വാങ്ങിയ നാഥനെപ്പോലും നിഷേധിക്കുകയും ചെയ്യും. പലരും അവരുടെ ദുഷിച്ച മാർഗ്ഗത്തെ അനുഗമിക്കും. അങ്ങനെ അവർമൂലം സത്യത്തിന്റെ മാർഗ്ഗം നിന്ദിക്കപ്പെടും. അത്യാഗ്രഹം കാരണം വ്യാജം പറഞ്ഞു നിങ്ങളെ അവർ ചൂഷണം ചെയ്യും. നേരത്തെതന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്ന അവരുടെ ശിക്ഷാവിധിക്കു കാലവിളംബം വരുകയില്ല. വിനാശം കണ്ണുതുറന്ന് അവരെ കാത്തിരിക്കുകയും ചെയ്യുന്നു*" (2,1–3).

പഴയനിയമദൈവജനത്തിന്റെ ചരിത്രത്തിൽ ദൈവത്തിന്റെ പ്രവാചകരോടൊപ്പം വ്യാജപ്രവാചകരുമുണ്ടായിരുന്നു (നിയ 13,1-5; ജറെ 5,31). പഴയനിയമപ്രവചനത്തിന്റെ തുടർച്ചയും പൂർത്തീകരണവും മിശിഹായിലും അവിടുന്നു ഭരമേല്പിച്ച ശ്ലീഹന്മാരിലൂടെയുമാണ് ഇന്നു സഭയ്ക്കു ലഭിക്കുക. അവ സത്യവും അവയുടെ അനുസരണം വ്യക്തികൾക്കും ലോകത്തിനു മുഴുവൻ നന്മയ്ക്കു നിദാനവുമാണ്. എന്നാൽ വ്യാജപ്രവാചകരുടെ വചനങ്ങൾ ശീഘ്രനാശം വരുത്തിവയ്ക്കുന്നതും, വിനാശകരമായ അഭിപ്രായങ്ങളും, തങ്ങളെ സ്വന്തം ജീവൻ വില കൊടുത്തുവാങ്ങിയ നാഥനെപ്പോലും നിഷേധിക്കുന്നതുമാണ്. വ്യാജപ്രബോധകർ തങ്ങളുടെ അഭിപ്രായങ്ങൾക്കും തങ്ങൾക്കുണ്ടായേക്കാവുന്ന നേട്ടങ്ങൾക്കും അനുസരിച്ചുള്ള പ്രബോധനമാണ് നല്കുക. അതിനാൽ അത് താല്ക്കാലികമായ നന്മ ഉളവാക്കിയാലും പിന്നീട് അവർക്കെന്നതുപോലെ ഏവർക്കും നാശകരമായി ഭവിക്കും.

ഈശോമിശിഹായെക്കുറിച്ചുള്ള പൂർണ്ണമായ അറിവു പകരുക എന്നതോ, അങ്ങനെ എല്ലാവരിലും കൃപയും സമാധാനവും വർദ്ധിക്കാനിടയാകുക എന്നതോ അല്ല അവരുടെ ലക്ഷ്യം. മറിച്ച് അത്യാഗ്രഹമാണ് അവരുടെ പ്രബോധനങ്ങളുടെ പ്രേരകശക്തി. അത്യാഗ്രഹം എന്നുവച്ചാൽ, കൂടുതൽ കൂടുതൽ സ്വന്തമാക്കാനുള്ള ആഗ്രഹം എന്നാണർത്ഥം. വിവിധ തരത്തിലുള്ള പാപകരമായ ആഗ്രഹപൂർത്തിയാണ് അവരുടെ ലക്ഷ്യം. അതായത് ദൈവികനിയമത്തിന്റെ ഇടുങ്ങിയ വഴിയിൽനിന്നുമാറി വിശാലമായ തന്നിഷ്ടത്തിന്റെ വഴിതേടുന്ന ആകർഷത്വവും അവരുടെ പ്രബോധനത്തിനുണ്ടാകാം. അതുകൊണ്ട് അതിനെതിരെ ജാഗരൂകത പുലർത്തണം. ഇന്നു സഭയിൽ ഇപ്രകാരമുള്ള സാഹചര്യങ്ങളുണ്ടാകുന്നുണ്ട്. കത്തോലിക്കാസഭയുടെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുന്ന ബൈബിൾ പ്രബോധനങ്ങൾ, സഭാസ്നേഹത്തിൽനിന്നും അകറ്റുന്ന മാനുഷികവും ലൗകികവുമായ നേട്ടങ്ങൾ തുടങ്ങിയവ പലരുടെയും വിശ്വാസജീവിതത്തിന് പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. അജപാലകരായ പുരോഹിതർ ഇതിനെതിരെ ജാഗ്രത പുലർത്തണം. സഭയുടെ ശ്ലൈഹിക ആധികാരികതയുള്ള പ്രബോധനത്തിൽ അജഗണങ്ങൾ നിലനില്ക്കുന്നു എന്നുറപ്പു വരുത്തുവാൻ തക്കവിധം വിശ്വാസപരിശീലനം നല്കുന്നതിൽ ശ്രദ്ധയുള്ളവരായിരിക്കണം.

**2. നീതിപൂർവ്വകമായ വിധി**

*"പാപം ചെയ്ത ദൂതന്മാരെ ദൈവം വെറുതേവിട്ടില്ല. വിധി ദിനംവരെ സൂക്ഷിക്കുന്നതിനായി അവരെ അവിടുന്നു നരകത്തിലെ ഇരുൾക്കുഴികളിലേക്കു തള്ളിവിട്ടു. ... ദൈവഭയമുള്ളവരെ പരീക്ഷ കളിൽനിന്ന് എങ്ങനെ രക്ഷിക്കണമെന്നും അനീതി പ്രവർത്തിക്കു ന്നവരെ വിധിദിനംവരെ എങ്ങനെ ശിക്ഷാവിധേയരാക്കി സൂക്ഷിക്ക ണമെന്നും കർത്താവ് അറിയുന്നു"* (2,4.9).

വ്യാജപ്രവാചകരുടെ നാശത്തെക്കുറിച്ച് സംഗ്രഹമായി നല്കിയിരിക്കുന്ന മൂന്നാം വാക്യത്തിന്റെ വിശദീകരണമാണ് ഈ ഭാഗത്തു നാം കാണുന്നത്. രക്ഷയുടെയും ശിക്ഷയുടെയും മൂന്ന് ഉദാഹരണങ്ങളാണ് ഈ ഭാഗം അവതരിപ്പിക്കുന്നത്. പാപം ചെയ്ത ദൂതന്മാർ (2,4), നോഹയുടെ കാലത്തെ ദുഷ്ടർ (2,5), സോദോം ഗോമോറായിലെ ശിക്ഷാവിധി (2,6-8) എന്നിവയാണ് ഇവിടെ പരാ മർശിക്കപ്പെടുന്നത്. ദൈവത്തെ ധിക്കരിക്കുന്നവർക്ക്, അതാരുതന്നെ യായാലും ശിക്ഷാവിധിയുണ്ടാകും എന്നാണ് പാപം ചെയ്ത ദൂത ന്മാരുടെ സംഭവം അനുസ്മരിപ്പിക്കുന്നത്. വ്യാജപ്രബോധകരുടെ പിന്നാലെ അനേകർ പോകുമ്പോൾ, വിശ്വസ്തരായി നിലനില്ക്കുക എന്നത് വിശ്വാസികൾക്കു പരീക്ഷണഘട്ടമാണ്. എങ്കിലും നോഹ യെപ്പോലെ, ഒരാളുടെ വിശ്വസ്തത അനേകർക്കു രക്ഷയ്ക്കു കാര ണമായി എന്ന് നോഹയുടെ ഉദാഹരണം സൂചിപ്പിക്കുന്നു. സോദോം ഗോമോറാ പ്രദേശങ്ങളെ നശിപ്പിക്കുമ്പോഴും നന്മയുടെ കണികയെ ദൈവം അവശേഷിപ്പിക്കുന്നു എന്നത് അവിടുത്തെ കരുണയാണ്.

ശിക്ഷാവിധിയുടെ ലക്ഷ്യം നാശമല്ല, നന്മയാണ്. നന്മയുള്ള വരെ കാത്തുസൂക്ഷിക്കുന്ന ദൈവം, ഭൂമിയിൽനിന്നു നന്മ ഒഴിവാ ക്കുകയില്ല. നന്മയുടെ തിരഞ്ഞെടുക്കൽ ദൈവികപദ്ധതിയുടെ ഭാഗ മാണ്. ഇസ്രായേൽ ചരിത്രത്തിൽ കാണുന്ന ദൈവിക തിരഞ്ഞെടു പ്പുകൾ നമ്മുടെ തിരഞ്ഞെടുപ്പുകൾക്കും മാതൃകയാണ്. നന്മയായി ട്ടുള്ളതു തിരഞ്ഞെടുക്കുകയും സ്വന്തമാക്കുകയും വളർത്തുകയും ചെയ്യുക ദൈവികപദ്ധതിയോടു സഹകരിക്കുകതന്നെയാണ്. പഴയ നിയമത്തിൽ തെറ്റിനെതുടർന്ന് ഉടനെതന്നെ ശിക്ഷാവിധി കാണപ്പെ ടുന്നുണ്ട്. ഗോതമ്പിനോടൊപ്പം കളകളെയും വളരാനനുവദിക്കുന്ന പുതിയനിയമപ്രബോധനം (മത്താ 13,24-30) അന്ത്യാത്മകമായ ഈ ശിക്ഷാവിധിയെ സൂചിപ്പിക്കുന്നതാണ്. അതുകൊണ്ട് ഈ അന്ത്യാ

ത്മകമായ വിധിയിൽ വിശ്വസിച്ചുകൊണ്ട് വിശ്വാസത്തിൽ വിശ്വസ്ത തയോടെ നിലകൊള്ളുവാൻ നമുക്കു കഴിയണം. മിശിഹായുടെ രണ്ടാമാഗമനത്തിലും അന്ത്യവിധിയിലുമുള്ള വിശ്വാസം ക്രൈസ്ത വവിശ്വാസത്തിന്റെ അന്തഃസത്തയാണല്ലോ. അതിനു കോട്ടംവരാതെ സത്യവിശ്വാസത്തിൽ നിലനില്ക്കുവാനും അജഗണങ്ങളെ നില നിർത്തുവാനും അജപാലകർ ജാഗരൂകതയോടെ വർത്തിക്കണം.

**3. തെറ്റായ പെരുമാറ്റശൈലി**

*"... പ്രത്യേകിച്ച്, മ്ലേച്ഛമായ അഭിലാഷങ്ങൾക്ക് അടിമപ്പെടു ന്നവരെയും അധികാരത്തെ നിന്ദിക്കുന്നവരെയും. മഹിമയണിഞ്ഞ വരെ ദുഷിക്കാൻപോലും മടിക്കാത്തവരാണ് അവർ. ബലത്തിലും ശക്തിയിലും അവരെക്കാൾ വലിയവരായ ദൂതന്മാർപോലും, കർത്താ വിന്റെ സന്നിധിയിൽ അവർക്ക് എതിരായി അവമാനകരമായ വിധി പറയുന്നില്ല. കൊല്ലപ്പെടുന്നതിനു മാത്രമായി സൃഷ്ടിക്കപ്പെട്ട, സഹ ജവാസനയാൽ നയിക്കപ്പെടുന്ന, വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങ ളെപ്പോലെയാണവർ. തങ്ങൾക്കജ്ഞാതമായ കാര്യങ്ങളെക്കുറിച്ച് അവർ ദൂഷണം പറയുന്നു. മൃഗങ്ങളുടെ നാശംതന്നെ അവർക്കും വന്നുകൂടും"* (2,10-12).

വ്യാജപ്രബോധകരുടെ ഹീനസ്വഭാവത്തെപ്പറ്റിയാണ് ഇവിടെ പറയുന്നത്. അഭിലഷണീയമല്ലാത്ത മോഹങ്ങളുടെ അടിമകളും മറ്റു ള്ളവർക്കു പ്രലോഭനഹേതുക്കളുമായ അവരുടെ ജീവിതത്തിന്റെ വ്യർത്ഥതയെ ചിത്രീകരിച്ചുകൊണ്ട് അവരിൽനിന്ന് ഒഴിഞ്ഞുമാറാൻ വിശ്വാസികൾക്കു മുന്നറിയിപ്പു നല്കുകയാണിവിടെ. "മഹിമയണി ഞ്ഞവരെ ദുഷിക്കാൻപോലും മടിക്കാത്തവരാണ് അവർ" എന്നു പറയുന്നത്, സഭയുടെ ന്യായമായ ശ്ലൈഹികാധികാരത്തെയും പ്രബോധനത്തെയും മാനിക്കാതെ അവരെ വിമർശിക്കുകയും അവ രുടെ പ്രബോധനത്തിനു വിരുദ്ധമായി പഠിപ്പിക്കുകയും ചെയ്യുന്ന തിനെയാണ് അർത്ഥമാക്കുന്നത്. യൂദാസിന്റെ ലേഖനത്തിൽ "അധി കാരത്തെ തള്ളിപ്പറയുകയും മഹിമയണിഞ്ഞവരെ നിന്ദിക്കുകയും ചെയ്യുന്നവരാണ്" വ്യാജോപദേഷ്ടാക്കൾ എന്ന കുറ്റപ്പെടുത്തൽ കാണുന്നുണ്ട് (1,8). വ്യാജപ്രബോധകർ തെറ്റുപഠിപ്പിക്കുന്നവർ മാത്ര മല്ല, ദുഷ്ടസ്വഭാവമുള്ളവരുമാണെന്ന് ഇതു വ്യക്തമാക്കുന്നു.

ദൈവത്തെയോ മനുഷ്യരെയോ മാനിക്കാത്ത തന്നിഷ്ട

ത്തിന്റെ വഴി (അസേൽഗെയിയാ) തേടുന്നവർ, സഹജവാസനയാൽ പോഷിപ്പിക്കപ്പെടുമ്പോൾ, മ്ലേച്ഛമായ അഭിലാഷങ്ങൾക്കു വശപ്പെടുന്നു. ജന്മവാസനയാൽ നയിക്കപ്പെടുന്നതുകൊണ്ടും, മാത്രമല്ല നാശത്തിലൊടുങ്ങുന്നതുകൊണ്ടും അവർ മൃഗങ്ങൾക്കു തുല്യരാണെന്നാണ് ലേഖനകർത്താവിന്റെ അഭിപ്രായം. ഏതു വഴി തിരഞ്ഞെടുക്കണം എന്നുള്ള വിവേചനമോ തീരുമാനമോ ഇല്ലാത്ത ദുഷ്ടർ, മൃഗങ്ങളെപ്പോലെ, ജന്മവാസനയാൽ നയിക്കപ്പെടുമ്പോൾ മൃഗങ്ങളിൽനിന്ന് അവർ വ്യത്യസ്തരായിരിക്കുന്നത് അവരുടെ ദുഷ്ടതയിൽമാത്രമാണ്. സ്വാർത്ഥപൂർത്തീകരണത്തിനായി ഏതു ദുഷ്ടതയും ചെയ്യാൻ മടിയില്ലാത്തവരാണവർ. വ്യാജപ്രവാചകരുടെ സ്വഭാവവും അവരുടെ നാശവും വ്യക്തമാക്കുന്ന ഈ വിശദീകരണം വിശ്വാസികൾക്ക് അവരിൽനിന്നു മാറിനില്ക്കാനുള്ള അതിശക്തമായ താക്കീതാണ്. ഏതു വിധേനയും സഭാംഗങ്ങളെ അവരുടെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുവാനുള്ള ലവ് ജിഹാദ് പോലുള്ള ശ്രമങ്ങൾ നടക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇന്നു നാം ജീവിക്കുന്നത്. ഇപ്രകാരമുള്ള സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് അവയെ വേണ്ട വിധത്തിൽ നേരിടുവാൻ സഭാംഗങ്ങളെ സജ്ജരാക്കുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

**4. ഫലരഹിതമായ പ്രവർത്തനം**

*“അവർ വെള്ളമില്ലാത്ത അരുവികളും കൊടുങ്കാറ്റിനാൽ തുരത്തപ്പെടുന്ന മൂടൽമഞ്ഞുമാണ്. അവർക്കായി അന്ധകാരത്തിന്റെ അധോലോകം കരുതിവയ്ക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, തെറ്റിൽ ജീവിക്കുന്നവരിൽനിന്നു കഷ്ടിച്ചു രക്ഷപ്രാപിച്ചവരെ, വ്യർത്ഥമായ വാക്ധോരണികൊണ്ടു വിഷയാസക്തമായ ദുർവിചാരങ്ങളിലേക്ക് അവർ പ്രലോഭിപ്പിക്കുന്നു. മറ്റുള്ളവർക്കു സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്ന അവർ തന്നെ നാശത്തിന്റെ അടിമകളാണ്. കാരണം, ഏതിനാൽ ഒരുവൻ തോല്പിക്കപ്പെടുന്നുവോ അതിന്റെ അടിമയാണവൻ”* (2,17-19).

ഈ ഭാഗത്ത് വ്യാജപ്രവാചകരെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങളെല്ലാം നാശത്തെ സൂചിപ്പിക്കുന്നവയാണ്. “വെള്ളമില്ലാത്ത അരുവി”, “കൊടുങ്കാറ്റിനാൽ തുരത്തപ്പെടുന്ന മൂടൽമഞ്ഞ്”, “അന്ധകാരത്തിന്റെ അധോലോകം” എന്നിവപോലെ ഇല്ലായ്മയാണ് അവരുടെ ജീവിതം. അവയെല്ലാം നിരാശാജനകമാ

ണ്. അതുപോലെ നാശകാരണവും വ്യർത്ഥവുമായ വാക്ധോരണിയാണവരിൽനിന്നു വരുന്നത്. ഈ വാക്ധോരണിയിൽ മയങ്ങുന്നവർ വിശ്വാസത്തിൽ ഉറച്ചവരല്ല, മറിച്ച് തെറ്റായ ജീവിതത്തിൽനിന്നു കഷ്ടിച്ചു രക്ഷപെട്ടവരാണ്, ബലഹീനരാണ്. അതുകൊണ്ട് വ്യാജപ്രവാചകർക്ക് അവരെ എളുപ്പത്തിൽ നാശത്തിലേക്കു വശീകരിക്കുവാൻ കഴിയും. സ്വാതന്ത്ര്യത്തെക്കുറിച്ചും അടിമത്തത്തെക്കുറിച്ചും അവർ സംസാരിക്കുന്നു (2,19). ദുഷിച്ച മാർഗ്ഗത്തിലൂടെ നടക്കുന്ന വ്യാജപ്രവാചകർ നാശത്തിലവസാനിക്കുമെന്നുറപ്പായിരിക്കെ, അവർ മറ്റുള്ളവർക്ക് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു എന്ന വൈരുദ്ധ്യവും ഇവിടെ കാണുന്നുണ്ട്. ശരിയായ ക്രിസ്തീയസ്വാതന്ത്ര്യം വചനാധിഷ്ഠിതജീവിതം നയിക്കുന്നതിലാണ്. സ്വാഭീഷ്ടമനുസരിച്ചു ജീവിക്കുന്നവർ യഥാർത്ഥത്തിൽ അടിമത്തത്തിലാണ്: "പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്" (യോഹ 8,34).

'സ്വാതന്ത്ര്യം' (എലവുത്തേരിയ) എന്ന പദം പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിൽ കൂടെക്കൂടെ കാണുന്ന ഒന്നാണ്. "സ്വാതന്ത്ര്യത്തിലേക്കു മിശിഹാ നമ്മെ മോചിപ്പിച്ചു" (ഗലാ 5,1) എന്നും "സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം. പ്രത്യുത, സ്നേഹത്തോടുകൂടെ ദാസരെപ്പോലെ പരസ്പരം സ്നേഹിക്കുവിൻ" (ഗലാ 5,13) എന്നും ശ്ലീഹാ ഉത്ബോധിപ്പിക്കുന്നുണ്ട്. വ്യാജപ്രവാചകന്മാർ വാഗ്ദാനം ചെയ്യുന്ന സ്വാതന്ത്ര്യം അധാർമ്മികതയ്ക്കുള്ള സ്വാതന്ത്ര്യമാണ്. വിശ്വാസികൾ സ്വന്തമാക്കേണ്ടത് പരിശുദ്ധാത്മാവു നല്കുന്ന സ്നേഹശുശ്രൂഷയുടെ സ്വാതന്ത്ര്യമാണ്. ഇന്ന് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെറ്റായ ധാരണകളും സഭാംഗങ്ങളുടെയിടയിൽ പ്രബലമായിട്ടുണ്ട്. പ്രത്യേകിച്ച് യുവതലമുറകളെ ഇക്കാര്യത്തിൽ ശരിയായി പ്രബോധിപ്പിക്കേണ്ടതുണ്ട്. അപ്രകാരം ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യം അനുഭവിക്കുന്ന സമൂഹമായി അജഗണങ്ങളെ വളർത്തുവാൻ അജപാലകർ ശ്രദ്ധിക്കണം.

### 5. വിശ്വാസത്യാഗികളുടെ നാശം

*"നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായെക്കുറിച്ചുള്ള അറിവുമൂലം അവർ ലോകത്തിന്റെ മാലിന്യങ്ങളിൽനിന്നു രക്ഷപ്രാപിച്ചതിനുശേഷം, വീണ്ടും അവയിൽ കുരുങ്ങു*

*കയും അവയാൽ തോല്പിക്കപ്പെടുകയും ചെയ്യുന്നെങ്കിൽ, അവരുടെ അന്ത്യസ്ഥിതി ആദ്യത്തേതിനെക്കാൾ മോശമായിരിക്കും. കാരണം, തങ്ങൾക്കു ലഭിച്ച വിശുദ്ധകല്പനയെക്കുറിച്ച് അറിഞ്ഞിട്ട് അതിൽനിന്നു പിന്മാറുന്നതിനെക്കാൾ അവർക്കു നല്ലത് നീതിയുടെ വഴിയെക്കുറിച്ച് അറിയാതിരിക്കുകയായിരുന്നു. നായ ഛർദ്ദിച്ചതുതന്നെ വീണ്ടും ഭക്ഷിക്കുന്നു. കുളിച്ച പന്നി ചെളിക്കുണ്ടിൽ വീണ്ടും ഉരുളുന്നു എന്ന പഴമൊഴി അവരെ സംബന്ധിച്ചു ശരിയാണ്"* (2,20-22).

ലോകത്തിന്റെ മാലിന്യങ്ങളിൽനിന്നു രക്ഷപ്രാപിച്ചവർ വീണ്ടും അവയിൽ കുരുങ്ങിയാൽ രക്ഷ അസാദ്ധ്യമാണെന്നാണ് പത്രോസ്ശ്ലീഹാ ഓർമ്മിപ്പിക്കുന്നത്. അവർ കഷ്ടിച്ചു രക്ഷപെട്ടവർ (2,18) ആയതുകൊണ്ട് രണ്ടാമതൊന്നുകൂടി ലോകത്തിന്റെ മാലിന്യത്തിൽ നിപതിച്ചാൽ രക്ഷപെടുക കൂടുതൽ വിഷമകരമാണ്; ഒരുപക്ഷേ അസാദ്ധ്യവുമാകാം. "ലോകത്തിന്റെ മാലിന്യം" എന്നത് വ്യാജപ്രവാചകരെയോ അവരുടെ പ്രബോധനത്തെയോ ആകാം സൂചിപ്പിക്കുന്നത്. "തങ്ങൾക്കു ലഭിച്ച വിശുദ്ധ കല്പനയെക്കുറിച്ച് അറിഞ്ഞിട്ട്" എന്നും പറയുന്നതുകൊണ്ട്, വിശ്വാസികളാണ് വ്യാജപ്രബോധകരുടെ വചനങ്ങൾ കേട്ടു വിശ്വാസത്യാഗത്തിനു മുതിരുന്നതെന്നും, അവരുടെ കുറ്റം കൂടുതൽ ഗൗരവതരമാണെന്നും ഇവിടെ സൂചനയുണ്ട്. മിശിഹായുടെ മഹത്ത്വത്തിലേക്കും ഔന്നത്വത്തിലേക്കും വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ. മാമ്മോദീസായിലൂടെ ലഭിച്ച ക്രിസ്തീയവിശ്വാസം അതിന്റെ തനിമയിൽ ജീവിക്കുന്നവർക്കേ ഈ മഹത്ത്വത്തിൽ പങ്കുചേരാനാവൂ.

"നായ ഛർദ്ദിച്ചതുതന്നെ വീണ്ടും ഭക്ഷിക്കുന്നു" എന്നും "കുളിച്ച പന്നി ചെളിക്കുണ്ടിൽ വീണ്ടും ഉരുളുന്നു" എന്നുമുള്ള പഴമൊഴി ഉദ്ധരിച്ചുകൊണ്ടാണ് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നത്. വ്യാജപ്രബോധകരുടെ കെണിയിൽപെടുന്നവരെയാണ് ഇതു സൂചിപ്പിക്കുന്നത്. വിശ്വാസസ്വീകരണത്തിലൂടെ വിശുദ്ധമായ ജീവിതത്തിലേക്കു കടന്നുവന്നവർ, വിശ്വാസത്യാഗികളായി, വീണ്ടും അശുദ്ധിയിലേക്കു പോകുന്നതിനെയാണ് ഈ പ്രസ്താവന സൂചിപ്പിക്കുന്നത്. വ്യാജപ്രബോധകർ പ്രധാനമായും ക്രിസ്തീയജീവിതത്തിനു സഹജമായ വിശുദ്ധിയെയാണ് അവരുടെ പ്രബോധനംകൊണ്ട് നശിപ്പിക്കുന്നത്. വിശുദ്ധിയുടെ അരൂപിയിലുള്ള ജനനത്തിലൂടെയും ജീവിതത്തിലൂടെയും വിശുദ്ധരുടെ കൂട്ടായ്മയായിത്തീർന്ന സഭാമക്കൾ

ആ വിശുദ്ധിയിൽ അഭംഗം ജീവിക്കണമെന്നാണ് ഇതിലൂടെ നല്കപ്പെടുന്ന ആഹ്വാനം. സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്നു പഠിപ്പിക്കുന്നവരും, വിശുദ്ധിയിൽ വളരാൻ വിശ്വാസികളെ കൈപിടിച്ചു നടത്തേണ്ടവരുമായ പുരോഹിതർ വിശ്വാസജീവിതത്തിലും വിശുദ്ധിയിലും ജീവിച്ച് വിശ്വാസികൾക്ക് മാതൃക നല്കുവാൻ പ്രത്യേകം കടപ്പെട്ടിരിക്കുന്നു.

**ജീവിതസൂചിക**

1. സഭയുടെ ശ്ലൈഹികപ്രബോധനത്തിൽ വിശ്വാസികളെ ഉറപ്പിക്കുവാൻ ഞാൻ എങ്ങനെയെല്ലാം പരിശ്രമിക്കുന്നു?
2. അന്ത്യവിധിയെ മുന്നിൽ കണ്ട്, നന്മതിന്മകളെ വിവേചിച്ചറിഞ്ഞ്, നന്മ ചെയ്തുകൊണ്ടു ജീവിക്കുവാൻ ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?
3. വ്യാജപ്രബോധകരുടെ സാന്നിദ്ധ്യം തിരിച്ചറിയുവാനും അവരുടെ കെണികളിൽ പെടാതിരിക്കുവാനും ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?
4. യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ക്രിസ്തീയകാഴ്ചപ്പാടിൽ ജീവിക്കുവാനും അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പഠിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
5. ജനങ്ങളുടെ വിശ്വാസം ആഴപ്പെടുത്തുവാനും വിശുദ്ധിയിൽ അവരെ വളർത്തുവാനും ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?

**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/05/2021

Reg. No. KL/IDK/08/19-21
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.



**തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവേ**
**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ**

Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602